


ku.herald@gmail.com
www.keralauniversity.ac.in

For Private Circulation Only

# The University Herald

September 2020

Vol. 7 • Issue 1

'ഹരിതാലയം പദ്ധതി' പ്രത്യേകപതിപ്പ്


# കേരള സർവകലാശാല ഹരിതാലയം പദ്ധതി ഉദ്ഘാടനം

**കേ**രളത്തിന്റെ കാർഷികപാരമ്പര്യവും അഭിവൃദ്ധിയും നിലനിർത്തുന്നതിനും വിദ്യാർത്ഥികളിൽ കാർഷികസ്വയംപര്യാപ്തതയുടെ സന്ദേശം എത്തിക്കുന്നതിനും വേണ്ടി കേരളസർവകലാശാല രൂപകല്പന ചെയ്ത പദ്ധതിയാണ് 'ഹരിതാലയം'. 365 ഏക്കർ വരുന്ന കാര്യവട്ടംക്യാമ്പസിനെയും അഫിലിയേറ്റഡ്കോളേജ് ക്യാമ്പസുകളെയും ഫലവൃക്ഷങ്ങളും പച്ചക്കറികളും നെൽവയലുകളും കൊണ്ട് ഹരിതാഭമാക്കുന്ന പദ്ധതിക്കാണ് സർവകലാശാല മുൻകൈ എടുത്തിരിക്കുന്നത്.

15 ഏക്കറിൽ നെൽകൃഷി, 1000 തെങ്ങുകൾ ഉള്ള തെങ്ങിൻ തോപ്പ്, 5 ഏക്കറിൽ പച്ചക്കറിക്കൃഷി, 5 ഏക്കറിൽ ഫലവൃക്ഷഉദ്യാനം, 5 ഏക്കറിൽ ആൻഡമാൻ ദ്വീപസമൂഹങ്ങളിൽനിന്നു ശേഖരിച്ച അപൂർവവും വാണിജ്യ പ്രാധാന്യവുമുള്ള സസ്യങ്ങളുടെ ഉദ്യാനം, അഗസ്ത്യവനത്തിൽനിന്നു കണ്ടെടുത്ത ഔഷധസസ്യങ്ങളുടെ തോട്ടം, കേരളത്തിലെ തനതു ഫലവൃക്ഷങ്ങളായ മാവുകളുടെയും പ്ലാവുകളുടെയും വിവിധഇനങ്ങളുടെ പ്രത്യേക തോട്ടം, തേക്ക്നടൽ പദ്ധതി എന്നിവയാണ് ഹരിതാലയംപദ്ധതിയുടെ ഭാഗമായി സർവകലാശാല വിഭാവനം ചെയ്യുന്ന മറ്റു പദ്ധതികൾ. ഇതോടൊപ്പം നിലവിൽ പഠനവകുപ്പുകളുടെ മുന്നിലുള്ള പൂന്തോട്ടങ്ങൾ മെച്ചപ്പെടുത്താനും ക്യാമ്പസ്സിലുടനീളം പൂമരങ്ങൾ നട്ടുവളർത്താനും ഉദ്ദേശിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ തന്നെ ഭാഗമായി കേരളസർവകലാശാലയിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള എല്ലാ കോളേജ് കാമ്പസുകളിലും ഫലവൃക്ഷഉദ്യാനങ്ങളും പച്ചക്കറിത്തോട്ടങ്ങളും വളർത്തിയെടുക്കാനായി നാഷണൽ സർവീസ് സ്കീമിന്റെ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്.

കുറച്ചു വർഷങ്ങളായി കാര്യവട്ടംക്യാമ്പസിൽ ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അക്കേഷ്യമരങ്ങൾ വെട്ടിമാറ്റി പകരം ഫലവൃക്ഷങ്ങളും പച്ചക്കറിത്തൈകളും



*ഹരിതാലയം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച ബഹു. മുഖ്യമന്ത്രിക്ക് ആൻഡമാനിൽ നിന്ന് കൊണ്ടുവന്ന വൃക്ഷത്തൈ (Bentinckia nicobarica* (Kurz) Becc) *പ്രൊ-വൈസ് ചാൻസലർ ഡോ. പി.പി. അജയകുമാർ സമ്മാനിക്കുന്നു*

ഔഷധസസ്യങ്ങളും പൂച്ചെടികളും പൂമരങ്ങളും വച്ചുപിടിപ്പിക്കുന്ന ഈ ഫലവൃക്ഷഉദ്യാനപദ്ധതി സോഷ്യൽഫോറെസ്ട്രിവകുപ്പിന്റെ സഹായത്തോടുകൂടിയാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ഏകദേശം 16495 ഫലവൃക്ഷത്തൈകൾ കാര്യവട്ടം ക്യാമ്പസിൽ നട്ടുപിടിപ്പിച്ചു കഴിഞ്ഞു.

ഈ പ്രവർത്തനങ്ങളിലൂടെ കാർഷികവൃത്തിയിലും പരിസ്ഥിതിസംരക്ഷണത്തിലും വിദ്യാർത്ഥികൾക്ക് താത്പര്യവും അറിവും വളർത്തുക എന്ന ലക്ഷ്യവും സർവകലാശാലയ്ക്കുണ്ട്. അതിനായി, കാർഷികവിളകളുടെ പ്രജനനത്തിലും സംരക്ഷണത്തിലും പങ്കുചേരുന്ന വിദ്യാർത്ഥികൾക്ക് 'കാർഷികഫെല്ലോഷിപ്പ്' ഏർപ്പെടുത്താനും ഏറ്റവുംനല്ല കാർഷികപ്രവർത്തനം കാഴ്ചവെയ്ക്കുന്നകോളേജുകൾക്ക് 'ഹരിതാലയം അവാർഡ്' നൽകാനും സർവകലാശാല സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരത്തിൽ കാർഷികഫെല്ലോഷിപ്പ് ഏർപ്പെടുത്തിയ, ഇന്ത്യയിലെ ഏക സർവകലാശാലയാണ് കേരളസർവകലാശാല.

കേരളസർക്കാരിന്റെ സുഭിക്ഷകേരളം പദ്ധതിയ്ക്ക് പിന്തുണ നൽകുന്ന ഈ പദ്ധതിയുടെ ഉദ്ഘാടനം 2020 ജൂൺ 5-ന് രാവിലെ 9.00 മണിക്ക് ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവഹിച്ചു. ഇതിന്റെ ഭാഗമായ വിവിധ പദ്ധതികൾ ബഹു.മന്ത്രിമാരായ ശ്രീ.കടകംപള്ളി സുരേന്ദ്രൻ, ശ്രീ.വി.എസ്.സുനിൽകുമാർ, ശ്രീ.കെ.രാജു,ഡോ.കെ.ടി.ജലീൽ എന്നിവർ ഉദ്ഘാടനം ചെയ്തു.കാർഷികസമൃദ്ധിയും ഭക്ഷ്യസ്വയംപര്യാപ്തതയും ആർജ്ജിക്കുന്നതിലേക്കുള്ള പ്രയാണത്തിൽ സർവകലാശാലയുടെ ഈ പദ്ധതി ഒരു നാഴികക്കല്ലാകുമെന്നു പ്രത്യാശിക്കുന്നു.




*ബഹു. വൈസ് ചാൻസലർ പ്രൊഫ. വി.പി. മഹാദേവൻ പിള്ള അദ്ധ്യക്ഷപ്രസംഗം നടത്തുന്നു. സമീപം ബഹു. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി.ജലീൽ, സഹകരണ ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ തുടങ്ങിയവർ*

# ഹരിതാലയം ക്യാമ്പസ്

## ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ഉദ്ഘാടന പ്രസംഗം




പ്രതിസന്ധികളെ സാധ്യതകൾ കൂടിയാക്കി മാറ്റാൻ കഴിയുന്നവരാണ് അതിജീവിക്കുക. കോവിഡ് എന്ന മഹാമാരിയെ നേരിടുമ്പോഴും ഇക്കാര്യം നമ്മുടെ മനസ്സിലുണ്ട്. കോവിഡിനെ അഭിമുഖീകരിക്കുമ്പോൾ തന്നെ ഭക്ഷ്യസ്വയംപര്യാപ്തത ഉറപ്പുവരുത്താനായി നാം പദ്ധതി ആവിഷ്കരിച്ചത് ഇതുകൊണ്ടാണ്. ഇതിനായി ആവിഷ്കരിച്ചതാണ് ‘സുഭിക്ഷകേരളം’ പദ്ധതി.

ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ നാലുവർഷമായി ചിട്ടയോടെ നടപ്പാക്കിവരികയാണ് കേരളം. ‘ഹരിത കേരളം’ പദ്ധതിയിലൂടെ ജലസ്രോതസ്സുകൾ ശുചീകരിക്കുകയും കൃഷിയിടങ്ങൾ വീണ്ടെടുക്കുകയും ചെയ്തു. തുടർന്ന് വീടുകൾക്കനുബന്ധമായി കിച്ചൺഗാർഡനുകൾ യാഥാർത്ഥ്യമാക്കിയും മറ്റും ജൈവപച്ചക്കറി കൃഷി വ്യാപകമാക്കാനുള്ള ശ്രമങ്ങൾ കൈക്കൊണ്ടു.

ഇറച്ചിക്കോഴി, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ‘കേരളചിക്കൻ’ പദ്ധതി ആവിഷ്കരിച്ചു. ക്ഷീരമേഖലയിലെ കൃത്യമായ ഇടപെടലുകളുടെ ഫലമായി പാലുൽപാദനത്തിൽ സ്വയംപര്യാപ്തതയോട് അടുത്തിരിക്കുന്നു. കാർഷികമേഖലയിലെ കാര്യക്ഷമമായ ഇടപെടലുകളുടെ ഫലമായി പ്രളയത്തെത്തുടർന്നുള്ള ഘട്ടത്തിൽപോലും നെല്ലുൽപാദനത്തിൽ റെക്കോർഡ് കൈവരിക്കാൻ നമുക്കായി.

ഇത്തരത്തിൽ കാർഷികമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന സമഗ്ര ഇടപെടലുകളുടെ അടുത്ത പടിയെന്നോണമാണ് ‘സുഭിക്ഷകേരളം’പദ്ധതി നടപ്പാക്കുന്നത്. ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതി വലിയൊരു ജനകീയക്യാമ്പയിനായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കൃഷിയിലേക്ക് ചെറുപ്പക്കാരെ ആകർഷിക്കാനും കർഷകരുടെ വരുമാനം വർധിപ്പിക്കാനും ഉദ്ദേശിക്കുന്ന ഈ പദ്ധതിയിലൂടെ 3860 കോടി രൂപയാണ് ഒറ്റ വർഷം കൊണ്ട് സംസ്ഥാനത്തെ കാർഷികമേഖലയിൽ ചെലവുചെയ്യുക. അതിൽ കൃഷിക്കുവേണ്ടി മാത്രം ചെലവഴിക്കുന്നത് 1449 കോടി രൂപയാണ്. ആകെ 25,000 ഹെക്ടർ തരിശുഭൂമിയിലാണ് ഇതിലൂടെ കൃഷി ചെയ്യാനുദ്ദേശിക്കുന്നത്. ഇത്തരമൊരു ബൃഹദ്പദ്ധതിയിൽ നമ്മുടെ അക്കാദമിക രംഗവും കൈകോർക്കുന്നു എന്നത് ഏറെ സന്തോഷകരമായ വസ്തുതയാണ്.

മാതൃകാപരമായ ചുവടുവെപ്പാണ് കേരളസർവകലാശാല നടത്തുന്നത്. മാതൃകാപരം എന്നു പറയുന്നതിന് രണ്ട് പ്രധാന കാരണങ്ങളാണുള്ളത്. ഒന്നാമതായി, ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം തന്നെ കൃഷിക്ക് മുൻഗണന നൽകുമ്പോൾ സ്വാഭാവികമായും അതുമായി ബന്ധപ്പെട്ട്വിദ്യാർത്ഥികളെ – അതായത് നമ്മുടെ നാട്ടിലെ ചെറുപ്പക്കാരെ – കൃഷിയിലേക്ക് ആകർഷിക്കാൻകഴിയും. രണ്ടാമതായി, കാർഷികപ്രവർത്തനങ്ങളെക്കുറിച്ചും കാർഷികമേഖലയെക്കുറിച്ചും കൂടുതൽ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും ഇത്തരമൊരു ചുവടുവെപ്പ് വഴിവെക്കും. അത് കാർഷികോൽപാദനം വർധിപ്പിക്കുന്നതിനും കാർഷികമേഖലയിൽ നൂതനരീതികൾ അവലംബിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുമൊക്കെ കാരണമാകും എന്ന കാര്യത്തിൽ സംശയമില്ല.

വിദ്യാഭ്യാസം സമൂഹത്തിനുവേണ്ടി ഉള്ളതാണ്, സാമൂഹികപുരോഗതിക്ക് അത് വഴിതുറക്കണം. കേരളസർവകലാശാലയുടെ ‘ഹരിതാലയം ക്യാമ്പസ്’ ആ ദിശയിലുള്ള ഒരിടപെടലാണ്. ഫലവൃക്ഷങ്ങളുടെ ഉദ്യാനം, പച്ചക്കറികൃഷി, നെൽകൃഷി, തെങ്ങിൻതോപ്പ്, ആൻഡമാൻദ്വീപുകളിൽനിന്നുള്ള അപൂർവവും വാണിജ്യപ്രാധാന്യമുള്ളതുമായ സസ്യങ്ങളുടെ ഉദ്യാനം എന്നിവയൊക്കെ ഈ പദ്ധതിയുടെ ഭാഗമായി ഒരുക്കുകയാണ് എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഈ പദ്ധതി ലോകപരിസ്ഥിതി ദിനത്തിൽ തന്നെ ആരംഭിക്കുന്നു എന്നതിൽ പ്രത്യേകമായ ഒരു സാംഗത്യമുണ്ട്. ‘ജൈവവൈവിധ്യം സംരക്ഷിക്കുക’ എന്നതാണ് ഇക്കൊല്ലത്തെ പ്രമേയം. കേരളസർവകലാശാല നടപ്പാക്കാനുദ്ദേശിക്കുന്ന ഈ ‘ഹരിതാലയംക്യാമ്പസ്’പദ്ധതി അതിനുപകരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇതാദ്യമായല്ല ഇത്തരത്തിൽ സമൂഹത്തെ കരുതിയുള്ള ഇടപെടൽ കേരളസർവകലാശാലയുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. 2018ലെ പ്രളയത്തിന്റെ ഘട്ടത്തിൽ ആറുകോടി അറുപത്തിരണ്ടു ലക്ഷത്തി മുപ്പത്തിയാറായിരം രൂപയാണ് സർവകലാശാല വിദ്യാർത്ഥികളിൽനിന്നും അധ്യാപകരിൽനിന്നും ജീവനക്കാരിൽനിന്നും ശേഖരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു നൽകിയത്. ഇപ്പോൾ ഈ കോവിഡ് കാലത്ത് കോവിഡാനന്തരകേരളത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കായി സംസ്ഥാന സർക്കാരിനോടൊപ്പം കൈകോർത്തുകൊണ്ട് കേരളസർവകലാശാല നടത്തുന്ന ഈ ഇടപെടലിനു എല്ലാവിധ ആശംസകളും നേരുന്നു, ഇതിനുപിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരെയും അനുമോദിക്കുന്നു.വളരെ സന്തോഷത്തോടെ ‘ഹരിതാലയം ക്യാമ്പസ്’പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചതായി അറിയിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും എന്റെ അഭിവാദനങ്ങൾ



# കൊയ്ത്തുത്സവം കേരളസർവകലാശാല ഉയർത്തുന്ന ലോകമാതൃക

**അഡ്വ. വി.എസ്. സുനിൽകുമാർ**

**നെ**ൽക്കതിരുകളും വാഴയും, തെങ്ങും പച്ചക്കറികളും വിളയുന്ന കേരള സർവകലാശാലാ ക്യാമ്പസ് മറ്റു സർവകലാശാലകൾക്ക് മാതൃകയാവുകയാണ്. കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കൃഷി മന്ത്രി ശ്രീ.വി.എസ്. സുനിൽകുമാർ സംസാരിച്ചതും ഈ ലോക മാതൃകയെക്കുറിച്ചാണ്. യൂക്കാലി, അക്കേഷ്യ തുടങ്ങിയ മരങ്ങൾ വച്ച്പിടിപ്പിച്ചു നടത്തിയ വനവൽക്കരണം പ്രകൃതിക്കിണങ്ങാത്ത ഒന്നാണെന്നും അത് വെട്ടിമാറ്റാനും പകരം കാമ്പസിനെ ഒരു കാർഷികഭൂമിയാക്കി മാറ്റാനും സർവകലാശാലയുടെ നേതൃത്വം നടത്തിയ കാർഷിക ഇടപെടൽ ചരിത്രപരമായ ഒരു മാറ്റമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സർവകലാശാലയുടേത് കാലാനുസൃതമായ ഇടപെടലാണ്. ജൈവവൈവിധ്യത്തിന്റെ മാതൃകയായി സർവകലാശാല മാറും. സർവകലാശാല കാമ്പസിന്റെ വരണ്ട സ്വഭാവം മാറി പ്രകൃതിയുടെ താളലയത്തോട് അനുഗുണമായി വളർന്നു വരുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അന്നം ഉൽപ്പാദിപ്പിക്കുന്ന ഒരു സർവകലാശാലയായി കേരള സർവകലാശാല മാറി എന്നുള്ളത് അഭിമാനകരമായ ഒന്നാണ്. ഈ പദ്ധതി വിപുലീകരിച്ച് വിത്തുൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഹരിതാലയം പദ്ധതിയിലുൾപ്പെട്ട 15 ഏക്കറിലെ നെല്ലാണ് ആദ്യഘട്ടത്തിൽ കൊയ്തത്. കൊയ്തെടുത്ത 'മനുരത്ന' ഇനത്തിൽപ്പെട്ട നെല്ല് കാർഷിക സർവകലാശാല സംഭരിച്ച് കേരളത്തിലങ്ങോളമിങ്ങോളം കൃഷിക്ക് വിത്തായ് ഉപയോഗിക്കും. കൊയ്ത്തുത്സവത്തിൽ ബഹു. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) വി.പി. മഹാദേവൻപിളള, പ്രോ-വൈസ് ചാൻസലർ ഡോ. പി.പി. അജയകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. കെ.എച്ച്. ബാബുജാൻ, അഡ്വ. എ. അജികുമാർ, ശ്രീ. ബി.പി. മുരളി, അഡ്വ. ബി. ബാലചന്ദ്രൻ, ഡോ.എസ്. നസീബ്, ഡോ. കെ. ജി. ഗോപ്ചന്ദ്രൻ, ശ്രീ. ബിജുകുമാർ ജി., ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർമാൻ റംഷാദ് ഖാൻ എന്നിവരും, അദ്ധ്യാപകരും, ജീവനക്കാരും, വിദ്യാർത്ഥികളും പങ്കെടുത്തു.



*ബഹു. വൈസ്ചാൻസിലറും സിണ്ടിക്കേറ്റ് അംഗങ്ങളും കൊയ്ത്തുത്സവ ഉദ്ഘാടന വേദിയിൽ*



*ബഹു കൃഷി മന്ത്രി ശ്രീ. വി. എസ് . സുനിൽകുമാർ കൊയ്ത്തുൽസവം ഉദ്ഘാടനം ചെയ്യുന്നു*







# ഭക്ഷ്യസുരക്ഷ, സുസ്ഥിര വികസനം: സർവകലാശാലകൾക്കൊരു മാതൃക

**ഡോ. വി.പി മഹാദേവൻപിള്ള**
വൈസ് ചാൻസലർ

**കോ**വിഡ്മഹാമാരി മൂലം രാജ്യത്ത് ലോക്ഡൗൺ നീണ്ടതോടെ, രാജ്യം ഏതാണ്ട് സ്തംഭനാവസ്ഥയിൽ ആണ്. പല മേഖലകളും അടച്ചുപൂട്ടിയതോടു കൂടി രാജ്യത്തെ സാമ്പത്തിക മേഖല ഏറെക്കുറെ തകർന്നു. ഈ ഘട്ടത്തിൽ പ്രഥമ പരിഗണന നൽകേണ്ടത് ഭക്ഷ്യസുരക്ഷാ മേഖലയ്ക്കാണ്. മറ്റു സംസ്ഥാനങ്ങളെ ലോക്ഡൗൺ കാര്യമായി ബാധിച്ചിരിക്കുന്നതിനാൽ കേരളത്തെ സംബന്ധിച്ചിടത്തോളം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ വരവിലും ആശങ്ക നിലനിൽക്കുന്നു. ഇതുമുന്നിൽ കണ്ടുകൊണ്ടാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ 'സുഭിക്ഷ കേരളം' എന്ന മഹത്തായ സന്ദേശത്തിന് തുടർച്ചയായി കേരള സർവകലാശാല ആരംഭിച്ച ബഹുമുഖ പദ്ധതിയാണ് ഹരിതാലയം കാർഷിക പദ്ധതി.

ഈ പദ്ധതിയുടെ ഉദ്ഘാടനം ഇക്കഴിഞ്ഞ ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് വീഡിയോ കോൺഫറൻസിംഗിലൂടെ ബഹുമാനപ്പെട്ട കേരളമുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവഹിക്കുകയുണ്ടായി. ഈ പദ്ധതിയിൽ പ്രധാനമായി നെൽകൃഷി, അതിനോടനുബന്ധിച്ചുള്ള കുളങ്ങളിൽ മത്സ്യകൃഷി, തനത് വൃക്ഷങ്ങളിലൂടെയുള്ള വനവൽക്കരണം, ആൻഡമാൻ നിക്കോബാർ സസ്യോദ്യാനം, പച്ചക്കറി തോട്ടം തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പതിറ്റാണ്ടുകളായി അക്കേഷ്യ മരങ്ങളാൽ മൂടപ്പെട്ട് കിടന്നിരുന്ന നെൽവയൽ വീണ്ടെടുത്ത് കൃഷിവകുപ്പിന്റെ സഹകരണത്തോടുകൂടി 'മണിരത്ന' എന്നയിനം നെൽവിത്ത് വിതയ്ക്കുകയുണ്ടായി. ഇതിന്റെ ഉദ്ഘാടനം ബഹു.കേരള കൃഷി വകുപ്പ് മന്ത്രി ശ്രീ.വി.എസ്.സുനിൽ കുമാറാണ് നിർവഹിച്ചത്. ഈ നെൽവയൽ ഇന്ന് പ്രത്യാശയുടെ കിരണങ്ങൾ വീശി നൂറുമേനി വിളവുമായി നിൽക്കുകയാണ്. ഇവിടെനിന്നും കൊയ്തെടുക്കുന്ന നെല്ല് കേരള കാർഷികസർവകലാശാലയുടെ സഹകരണത്തോടുകൂടി വിത്തായി കർഷകരിൽ എത്തിക്കുക എന്നൊരു സത്പ്രവർത്തിയും ഇതിലൂടെ സർവകലാശാല ലക്ഷ്യമിടുന്നു. നെൽവയലിനോട് അനുബന്ധിച്ചുള്ള കുളങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് അവയെ വളർത്തി പരിപാലിച്ചു വരുന്നു.



*ജൈവ വൈവിധ്യ സംരക്ഷണ കേന്ദ്രത്തിന്റെ കെട്ടിട ഉദ്ഘാടനം ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവഹിക്കുന്നു*

കേരള വനംവകുപ്പും കേരളസർവകലാശാലയും ചേർന്ന് ഹരിതാലയം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന മറ്റൊരു പദ്ധതിയാണ് വനവൽക്കരണപദ്ധതി. അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി ഏകദേശം 28 ഏക്കറോളം സ്ഥലത്ത് കേരളത്തിലെ ഫലവൃക്ഷങ്ങളും മറ്റ് മരങ്ങളും വച്ചുപിടിപ്പിച്ചിരിക്കുന്നു. വനവൽക്കരണത്തിന്റെ ഭാഗമായി സർവകലാശാല അതിർത്തിയോടു ചേർന്ന് ഏകദേശം 1000 തേക്കിൻ തൈകൾ നടുന്നതിനും തുടക്കം കുറിച്ചിട്ടുണ്ട്.

### കേരകൃഷി

കൃഷി വകുപ്പിൽ നിന്നും സബ്സിഡി നിരക്കിൽ നൽകിയ ആയിരത്തിലധികം അത്യുൽപാദന ശേഷിയുള്ള തെങ്ങിൽ തൈകൾ ക്യാമ്പസിന്റെ പലഭാഗങ്ങളിലും ഇതിനോടകം തന്നെ നട്ടുകഴിഞ്ഞു.

### ആൻഡമാൻ നിക്കോബാർ സസ്യോദ്യാനം

ആൻഡമാൻ-നിക്കോബാർദ്വീപസമൂഹം ജൈവവൈവിധ്യത്തിന്റെ കലവറയാണ്. അവിടുത്തെ സസ്യജാലങ്ങളുടെ ഏകദേശം 12%വും ദ്വീപുകളിൽ മാത്രം കാണപ്പെടുന്നവയാണ്. അവയിൽ പലതും അത്രതന്നെ അറിയപ്പെടാത്തതും എന്നാൽ വാണിജ്യ-ഔഷധ പ്രാധാന്യമുള്ളവയുമാണ്. ഈ ദ്വീപസമൂഹത്തിലെ വംശനാശ ഭീഷണി നേരിടുന്നവയും ഔഷധ-വാണിജ്യ പ്രാധാന്യവുമുള്ള സസ്യങ്ങളുടെ ഫീൽഡ് ജീൻബാങ്ക് കാര്യവട്ടംക്യാമ്പസിൽ ജൈവവൈവിധ്യസംരക്ഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നു. കാര്യവട്ടംക്യാമ്പസിലെജൈവവൈവിധ്യ സസ്യങ്ങളുടെ സംരക്ഷണവും അവയുടെ സുസ്ഥിരവിനിയോഗവുമാണ് ഈ



*ആൻഡമാൻ നിക്കോബാർ സസ്യോദ്യാനത്തിന്റെ ഉദ്ഘാടനം തൈ നട്ട് ബഹു. സഹകരണ ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു.*

പദ്ധതികൊണ്ട് സർവകലാശാല ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഒരു സർവകലാശാലാക്യാമ്പസിൽ ആൻഡമാൻ-നിക്കോബാർദ്വീപസമൂഹത്തിലെ സസ്യങ്ങളുടെ ഒരു കൺസർവേറ്ററി സ്ഥാപിതമായിരിക്കുന്നത്.

## പച്ചക്കറിക്കൃഷി

ഹരിതാലയം പദ്ധതിയുടെ ഭാഗമായി സംസ്ഥാന കൃഷിവകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന മറ്റൊരു പദ്ധതിയാണ് പച്ചക്കറിക്കൃഷി. കോവിഡ്കാലത്തെ ഭക്ഷ്യക്ഷാമം മുന്നിൽ കണ്ടുകൊണ്ടുള്ള സർവകലാശാലയുടെ ഒരു ചെറിയ സംരംഭമാണിത്. വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും ജീവനക്കാരിലും കൃഷിയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുകയും ഇതുവഴി വിഷരഹിതമായ പച്ചക്കറികളും മറ്റ് കിഴങ്ങ് വിളകളും ഉത്പാദിപ്പിക്കുകയുമാണ് ഈ പദ്ധതിയിലൂടെയുള്ള ലക്ഷ്യം. ഇതിനായി പ്രാരംഭഘട്ടമെന്ന നിലയിൽ 5 ഏക്കറോളം സ്ഥലത്ത് അക്കേഷ്യക്കാടുകൾ മാറ്റി അവിടെ വെണ്ട, പാവൽ, കത്തിരി, കൈതച്ചക്ക, പയർ, പടവലം, മുളക്, കപ്പ, കാച്ചിൽ, ചേമ്പ്, ആര്യവേപ്പ്, മുരിങ്ങ തുടങ്ങിയവ കൃഷി ചെയ്യുന്നുണ്ട്. ഇതുകൂടാതെ ഓരോ ഡിപ്പാർട്ട്മെന്റിലും അവയുടെ പരിസരത്തുള്ള സ്ഥലത്ത് പച്ചക്കറിയും കിഴങ്ങ് വിളകളും കൃഷിചെയ്യാനും അവയുടെയെല്ലാം സംരക്ഷണവും പരിപാലനവും വിദ്യാർത്ഥികളെ ഏൽപ്പിക്കാനും അതിനുവേണ്ടി ഒരു 'കാർഷിക ഫെല്ലോഷിപ്പ്' ഏർപ്പെടുത്താനും സർവകലാശാല തീരുമാനിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളിലൂടെ ഒഴിവുസമയങ്ങളിൽ പച്ചക്കറിക്കൃഷിയുടെയും ഹരിതാലയംപദ്ധതിയിലുള്ള മറ്റുസസ്യങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുക എന്നതു മാത്രമല്ല,വിദ്യാർത്ഥികളിൽ പഠനത്തോടൊപ്പം തന്നെ കൃഷിയിലും താൽപര്യം ജനിപ്പിക്കുക എന്നതുകൂടിയാണ്പ്രസ്തുത ഫെല്ലോഷിപ്പിന്റെ ലക്ഷ്യം. ഒരു വിദ്യാർത്ഥിക്ക് ഒരു മാസം 600 രൂപ നിരക്കിൽ കൃഷി അവസാനിക്കുന്നതുവരെ നൽകുവാനാണ് തീരുമാനം. പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഒരു കാർഷികസർട്ടിഫിക്കറ്റും സർവകലാശാലാതലത്തിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു കാർഷികഫെല്ലോഷിപ്പ് വിദ്യാർത്ഥികൾക്ക് നൽകുന്നതോടെ കാർഷികഫെല്ലോഷിപ്പ് നൽകുന്ന ഇന്ത്യയിലെ ആദ്യസർവകലാശാലയായി മാറുകയാണ് കേരളസർവകലാശാല.




*പച്ചക്കറിത്തോട്ടത്തിന്റെ ഉദ്ഘാടനം ബഹു. വനം വകുപ്പ് മന്ത്രി ശ്രീ. കെ. രാജു നിർവഹിക്കുന്നു*

കേരളസർവകലാശാല നടപ്പാക്കുന്ന ഹരിതാലയംപദ്ധതിക്ക് ബൃഹത്തായ ലക്ഷ്യങ്ങളാണുള്ളത്. കാര്യവട്ടംക്യാമ്പസിലെ ജൈവവൈവിധ്യം അതിന്റെ പൂർവ്വകാല പ്രൗഡിയിൽ നിലനിർത്തുക എന്നതാണ് പ്രധാനലക്ഷ്യം. ഇതിലൂടെ, നെൽവയലുകളും, ഫലവൃക്ഷങ്ങളും, തനതുവൃക്ഷങ്ങളും കേരളത്തിന്റെ നാടൻ മാവിനങ്ങളും, പ്ലാവിനങ്ങളും മറ്റ് ഫലവൃക്ഷങ്ങളും കൊണ്ട് കാര്യവട്ടം ക്യാമ്പസ് ഹരിതാഭമാക്കുകയാണ്. ഇതുകൂടാതെ ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹത്തിൽ നിന്നുള്ള സസ്യങ്ങളുടെ ഒരു വനവും സമീപ ഭാവിയിൽ കാമ്പസിൽ നിലയുറപ്പിക്കും. ഇതുവഴി നമുക്ക് നഷ്ടപ്പെട്ട ജൈവസമ്പത്തിന്റെയെല്ലാം ഒരു തിരിച്ചുവരവിന് കളമൊരുങ്ങുന്നുണ്ട്. പക്ഷികളും, ശലഭങ്ങളും മറ്റ് ജീവജാലങ്ങളും നിറഞ്ഞ ഒരു ജൈവവൈവിധ്യ ഉദ്യാനമായി കാര്യവട്ടം ക്യാമ്പസ് മാറാൻ അധികം വർഷമൊന്നും വേണ്ടിവരില്ല. നഗരമധ്യത്തിലുള്ള കാര്യവട്ടംക്യാമ്പസ് എന്നഈ പച്ചത്തുരുത്ത് ക്യാമ്പസിലെ വിദ്യാർത്ഥികൾക്കു മാത്രമല്ല പൊതുജനങ്ങൾക്കും സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്കും സാധാരണക്കാർക്കും കാണുവാനും പഠിക്കുവാനും ഗവേഷണം നടത്തുവാനുള്ള ഒരു ക്യാമ്പസായി ഭാവിയിൽ അറിയപ്പെടുവാൻ പോവുകയാണ്. ഇതിനോടൊപ്പം നമുക്ക് നഷ്ടപ്പെട്ട നീരുറവകളും, ചിറകളും പ്രകൃതിജന്യമായ രീതിയിൽ നമുക്ക് പുനരുജ്ജീവിപ്പിക്കുവാനും അതുവഴി സമീപ പ്രദേശങ്ങളിലെ ജലദൗർലഭ്യത്തിനും അമിതമായുണ്ടാകുന്ന അന്തരീക്ഷ മലിനീകരണത്തിനും ഒരു പരിധി വരെ ആശ്വാസമേകുവാനും ഈ ഹരിതകവചത്തിനു കഴിയും.



*ഹരിതാലയം പദ്ധതിയുടെ ഉദ്ഘാടനത്തിനെത്തിയ മന്ത്രിമാർക്കൊപ്പം ബഹുമാനപ്പെട്ട വൈസ് ചാൻസിലറും സർവകലാശാലാ സിണ്ടിക്കേറ്റ് അംഗങ്ങളും*



# ഹരിതവിദ്യാഭ്യാസം

**ഡോ. പി.പി. അജയകുമാർ**
പ്രോ-വൈസ് ചാൻസലർ

**വി**ദ്യാഭ്യാസത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. അറിവുസമ്പാദനത്തിനും ജോലിനേടലിനും അപ്പുറം നമ്മുടെ ദൈനംദിനജീവിതത്തിലെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള കരുത്ത് ആർജ്ജിക്കുകയും വൈകാരികബുദ്ധി വികസിപ്പിക്കുകയും അതുവഴി ജീവിതവിജയം നേടുകയും ചെയ്യുക എന്നതുകൂടെ വിദ്യാഭ്യാസത്തിലൂടെ നമ്മൾ ആർജ്ജിക്കേണ്ടതായിട്ടുണ്ട്. സിലബസിനു വെളിയിലുള്ള പഠനം അതിനു അത്യന്താപേക്ഷിതമാണ്.

പരിസ്ഥിതിദിനത്തിൽ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നത് കുറച്ചുകാലം മുൻപുവരെ പ്രകൃതിസംരക്ഷണസന്ദേശം പ്രചരിപ്പിക്കാൻ ചെയ്യുന്ന പ്രതീകാത്മക പ്രവർത്തനങ്ങൾ ആയിരുന്നെങ്കിൽ ഇന്ന് അത് നമ്മുടെ നിലനിൽപ്പിന്റെ ഭാഗം തന്നെയാണ്. തരിശുനിലങ്ങളും, മട്ടുപ്പാവുകൾ പോലും കൃഷിയിടങ്ങൾ ആകുന്നതു ഈ സാഹചര്യത്തിലാണ്. സർവകലാശാലകൾ ഈ പുതിയ അവബോധത്തിലേക്കു ശക്തമായി കടന്നുവരുന്നതിന്റെ സൂചനകൾ കേരള സർവകലാശാലയുടെ പുതിയ ചുവടുവെപ്പിലൂടെ ലഭിക്കുന്നു.

കാര്യവട്ടംക്യാമ്പസിലെ ഹൈമവതിക്കുളത്തിനടുത്തുള്ള നെൽവയൽ വർഷങ്ങളുടെ ഇടവേളയ്ക്കു ശേഷം ഹരിത ചൈതന്യം വീണ്ടെടുത്തിരിക്കുന്നു. 1000 തെങ്ങിൻ തൈകൾ ക്യാമ്പസിന്റെ പല ഭാഗങ്ങളിലായി വളർന്നു വരുന്നു. ആൻഡമാനിൽ നിന്നു വന്ന 99 അതിഥിമരങ്ങൾ സസ്യശാസ്ത്ര വിഭാഗത്തിന്റെ പുറകിൽ കുടിയിരുത്തപ്പെട്ടിരിക്കുന്നു. കേരളീയഫല വൃക്ഷങ്ങളും പച്ചക്കറികളും ജീവൻവെക്കുന്നു. ഇതോടൊപ്പം ക്യാമ്പസ് അടക്കിവാണിരുന്ന അക്കേഷ്യമരങ്ങൾ സാവധാനം കുടിയിറക്കപ്പെട്ടുകൊണ്ടിരിക്കുന്നു.


ഈ ഒരു മാറ്റത്തെ പ്രതീക്ഷകളോടെയാണ് സർവകലാശാലയിലെ അക്കാദമിക സമൂഹവും സർവകലാശാലയെ സ്നേഹിക്കുന്നവരും നോക്കിക്കാണുന്നത്. എന്നാൽ ചില കോണുകളിൽനിന്ന് എതിരഭിപ്രായങ്ങളും ഉയർന്നുവരുന്നുണ്ട്. അതിൽ ഒന്ന് അക്കേഷ്യമരങ്ങൾ പിഴുതുമാറ്റുന്നതും ചതുപ്പുനിലം കൃഷിയിടമാക്കുന്നതും ജൈവ വൈവിധ്യത്തെ തകർക്കും എന്നതും ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ നശിപ്പിക്കും എന്നതുമാണ്. നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന



*ബഹു. കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽ കുമാർ ഞാറു നട്ടു നെൽകൃഷിക്ക് തുടക്കം കുറിക്കുന്നു*

കാർഷിക പ്രവൃത്തികൾ നിലനിൽക്കുന്ന ആവാസവ്യവസ്ഥയെ മാറ്റിമറിക്കും എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ എല്ലാവർക്കും അറിയാവുന്നതുപോലെ കാര്യവട്ടം ക്യാമ്പസിനെ ആകെ ഗ്രസിച്ചിരിക്കുന്ന, അവിടുത്തെ ജലസ്രോതസ്സുകളെ ഊറ്റിയെടുത്തു ഇല്ലാതാക്കുന്ന, മണ്ണിന്റെ ഫലപുഷ്ടി നശിപ്പിക്കുന്ന ഒരു അന്തക വൃക്ഷമാണ് അക്കേഷ്യ എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അക്കേഷ്യകൾ മുറിച്ചു മാറ്റാനും അതിനു പകരമായി കേരളീയഫലവൃക്ഷങ്ങളും, നെല്ലും, വാഴയും, പച്ചക്കറികളും, കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്യാനും സർവകലാശാല തീരുമാനിച്ചതും അതു നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയതും. അക്കേഷ്യമരങ്ങൾ പിഴുതുമാറ്റി വിവിധങ്ങളായ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് ജൈവവൈവിധ്യത്തെ ഊട്ടി ഉറപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. ചതുപ്പുനിലം നെൽകൃഷിക്ക് അനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തി അതിന്റെ സ്വാഭാവികതയ്ക്ക് ഒരു കോട്ടവും വരുത്താതെ രൂപപ്പെടുത്തുന്നതിലൂടെ അത് ക്യാമ്പസ്സമൂഹത്തിനു കൂടുതൽ ഉപയുക്തമായ രീതിയിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നു എന്നും ആ പ്രദേശത്തിന്റെ ജലസംഭരണ ശേഷി വർധിക്കുന്നു എന്നും കാണാം. ഫലവൃക്ഷങ്ങൾ വളർന്നു പന്തലിക്കുന്നതോടെ വിവിധങ്ങളായ കിളികളും ജീവജാലങ്ങളും ക്യാമ്പസിൽ സഹജീവികളോടൊപ്പം വസിക്കുമെന്നും കാര്യവട്ടം ക്യാമ്പസിനെ ഒരു ഹരിതമനോജ്ഞമേഖലയാക്കി മാറ്റുമെന്നും പ്രതീക്ഷിക്കുന്നതിൽ തെറ്റില്ല. അതിനായി കാത്തിരിക്കാം.





# ഹരിതാലയം ഭാവിതലമുറയ്ക്കുള്ള കരുതൽ
## നന്മകൾ പൂക്കുന്ന കലാലയം

**അഡ്വ. കെ.എച്ച്. ബാബുജാൻ**
കൺവീനർ, ഫിനാൻസ് കമ്മിറ്റി

**കേ**രള സർവകലാശാല കോവിഡ് കാലത്തിനും ഭാവി തലമുറക്കുമുള്ള കരുതലായി ഹരിതാലയം കാർഷിക പദ്ധതി ആവിഷ്ക്കരിച്ചു മുന്നേറുകയാണ്.

കോവിഡാനന്തര കേരളത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്കായി കേരള സർക്കാർ ആവിഷ്കരിച്ച ''സുഭിക്ഷകേരളം'' പരിപാടിക്ക് ഒപ്പം ചേർന്ന് കേരള സർവകലാശാല നടപ്പിലാക്കുന്ന ''ഹരിതാലയം'' പദ്ധതി കേരളീയരുടെ ശക്തിയും അഭിമാനവുമായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വീഡിയോ കോൺഫറൻസിംഗിലൂടെ 2020 ജൂൺ 5 ന് ഉദ്ഘാടനം ചെയ്തു. ലോക പരിസ്ഥിതി ദിനത്തിൽ ഇതുപോലെ മഹത്തായ ഒരു പരിപാടി സംഘടിപ്പിച്ച കേരള സർവകലാശാലയെ അഭിനന്ദിക്കുന്നു എന്നു പറഞ്ഞാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്. കേരള സർവകലാശാല നടത്തുന്ന ഈ ഇടപെടലിന് എല്ലാവിധ ആശംസകളും നേരുന്നതായും വളരെ സന്തോഷത്തോടെ ഹരിതാലയം പദ്ധതി ഉദ്ഘാടനം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു.

അനുബന്ധമായി വിവിധ കാർഷിക പദ്ധതികൾ കാര്യവട്ടം കാമ്പസിൽ ബഹു. മന്ത്രിമാരായ ഡോ. കെ.ടി. ജലീൽ, ശ്രീ. വി.എസ്. സുനിൽകുമാർ, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. കെ. രാജു, മേയർ ശ്രീ. കെ. ശ്രീകുമാർ എന്നിവർ ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) വി.പി. മഹാദേവൻപിള്ള അദ്ധ്യക്ഷനായി. മന്ത്രിമാരും, സിൻഡിക്കേറ്റ് അംഗങ്ങളും, അദ്ധ്യാപകരും, വിദ്യാർത്ഥികളും വിവിധയിനം വൃക്ഷതൈകൾ നട്ടു.

ഇപ്പോൾ തന്നെ കാമ്പസാകെ കാർഷിക സമൃദ്ധമായിരിക്കുന്നു. കൃഷിമന്ത്രി ഞാറ് നട്ട് തുടക്കം കുറിച്ച 20 ഏക്കർപാടത്തെ നെൽകൃഷി സെപ്റ്റംബർ 8 ന് കൊയ്ത്ത് ആരംഭിക്കും.

ഫലവൃക്ഷങ്ങളുടേയും ഔഷധസസ്യങ്ങളുടേയും പതിനാറായിരത്തിലധികം തൈകൾ നട്ട് കഴിഞ്ഞു. 400 ഏക്കർ സ്ഥലത്ത് തൈകൾ നടാനാണ് പദ്ധതി. വിദ്യാർത്ഥികൾക്ക് പറിച്ച് കഴിക്കാൻ മാങ്ങായും, പേരയ്ക്കായും. ചക്കയുമടക്കം വിവിധയിനം പഴങ്ങൾ ഭാവിയിൽ കാമ്പസിൽ നിന്ന് തന്നെ ലഭിക്കും. 1000 തെങ്ങിൻ തൈകൾ നട്ടതിൽ പകുതിയോളം തീരെ പൊക്കം കുറഞ്ഞ ഇനമാണ്. വിദ്യാർത്ഥികൾക്കും കാമ്പസ് നിവാസികൾക്കും തെങ്ങിൻ കയറാതെ കരിക്ക് ലഭിക്കും. 520 വാഴകളും നട്ടു. കാര്യവട്ടം കാമ്പസിനെ വിദ്യാർത്ഥികൾക്ക് ഉൽസാഹഭരിതമായ കാമ്പസാക്കുകയാണ് ലക്ഷ്യം. അവിടെ ആരോഗ്യ-പാരിസ്ഥിക പ്രശ്നങ്ങളുണ്ടാക്കുന്ന അക്കേഷ്യ മരങ്ങളല്ല വേണ്ടത്.

ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ അപൂർവ്വയിനം മരങ്ങളും, ചെടികളും നട്ട് വളർത്തുന്ന സ്ഥലം പ്രത്യേകം ശ്രദ്ധ ആകർഷിക്കുന്നു. ഇതിൽ ഒരു തൈയാണ് പ്രോ-വൈസ് ചാൻസലർ പ്രൊഫ.പി.പി അജയകുമാർ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രിക്ക് നൽകി ആദരിച്ചത്. ഇതിനോടൊപ്പം തുടങ്ങിയ പച്ചക്കറിക്കൃഷിയുടെ വിളവെടുപ്പും ആരംഭിച്ചു.

കാമ്പസിലെ ഹൈമാവതികുളത്തിൽ 3000 മത്സ്യക്കുഞ്ഞുങ്ങളേയും വളർത്താൻ തുടങ്ങി. ഭാവിക്ക് കരുതലായി 1000 തേക്കിൻ തൈകൾ നട്ട് കഴിഞ്ഞു. പുതിയ തലമുറയെ ഉന്നത വിദ്യാഭ്യാസത്തോടൊപ്പം കൃഷിയുമായി ബന്ധപ്പെടുത്തുന്നതാണ് ''ഹരിതാലയം'' പദ്ധതി.

ഭക്ഷ്യ ആവശ്യങ്ങൾ മാത്രമല്ല പഠനഗവേഷണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടത്താനാണ് പദ്ധതി. ചിങ്ങം 1 കർഷക ദിനത്തിൽ ഹരിതാലയത്തിന്റെ ഭാഗമായി സർവകലാശാല വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയ 'കാർഷിക ഫെല്ലോഷിപ്പ്' ബഹു.വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു. ഡോ.എ.ഗംഗാപ്രസാദിന്റെ നേതൃത്വത്തിൽ അദ്ധ്യാപകരും, വിദ്യാർത്ഥി യൂണിയൻ നേതൃത്വത്തിൽ വിദ്യാർത്ഥികളും, ജീവനക്കാരും ഹരിതാലയം പദ്ധതിക്കായി രംഗത്തുണ്ടെന്നതാണ് ഇതിന്റെ വിജയം. കാര്യവട്ടം കാമ്പസിൽ തുടങ്ങി എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേക്കും വ്യാപിപ്പിക്കുന്ന വിപുലമായ പദ്ധതിയാണ് ഹരിതാലയം വിഭാവന ചെയ്യുന്നത്. കേരള സർവകലാശാലയുടെ യശസ്സ് കൂടുതൽ ഉയർത്തുന്ന പദ്ധതിയായി ഹരിതാലയം മാറും. മാതൃസർവകലാശാല ഇതിലും മാതൃകയാകും. നന്മകൾ പൂക്കുന്ന കലാലയമായി മാറും.

*ഞാറു നടൽ കൃഷി വകുപ്പ് മന്ത്രിയും സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളും ചേർന്ന് ഞാറ് നടുന്നു*





**അഡ്വ. എ. അജികുമാർ**
കൺവീനർ, പ്ലാനിംഗ് &
ഡെവലപ്മെന്റ് കമ്മിറ്റി

# മാതൃസർവകലാശാല മാതൃക ആകുന്നു

**കോ**വിഡ്-19 ലോകമാകെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണ്. ഭാവി കേരളത്തിന്റെ നിലനില്പിന് ഭക്ഷ്യസ്വയംപര്യാപ്തത പരമപ്രധാനമാണ്. ഈ ലക്ഷ്യത്തോടെ കേരളസർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളംപദ്ധതിയുമായി ചേർന്നാണ് കേരളസർവകലാശാല ഹരിതാലയംപദ്ധതി ആവിഷ്കരിച്ചിട്ടുളളത്. ഇതിന്റെ ഭാഗമായി 45000 ത്തോളം ഫലവൃക്ഷങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും തൈകൾ കാര്യവട്ടം ക്യാമ്പസിൽ വച്ചുപിടിപ്പിച്ചു വരുന്നു. 35 വർഷമായി തരിശായി കിടന്ന 15 ഏക്കർ വയലിൽ നെൽകൃഷി ഇറക്കി വിളവെടുപ്പിനോട് അടുക്കുന്നു.5 ഏക്കർ സ്ഥലത്ത് ആൻഡമാൻ-നിക്കോബാർ ദ്വീപസമൂഹത്തിൽ നിന്നും കൊണ്ടു വന്ന വൃക്ഷങ്ങളും ഔഷധസസ്യങ്ങളും അലങ്കാരസസ്യങ്ങളും നട്ടുപിടിപ്പിച്ച് ആൻഡമാൻ നിക്കോബാർ സസ്യോദ്യാനം രൂപപ്പെടുത്തി. ക്യാമ്പസിലെ 5 ഏക്കർ സ്ഥലത്ത് പച്ചക്കറിക്കൃഷി ആരംഭിച്ചു. 1000 തേക്കിൻ തൈകളും നട്ടു. ചെടികൾ നട്ടു രണ്ടു മൂന്നു വർഷത്തിനുള്ളിൽ ഒരു ചെറു വനം രൂപപ്പെടുത്തുന്ന മിയാവാക്കി വനരീതി ക്യാമ്പസിൽ ആരംഭിച്ചു. അങ്ങനെ കേരളസർവകലാശാല മറ്റു സർവകലാശാലകൾക്കും മാതൃക ആകുകയാണ്. കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിൽ ഹൈമവതിക്കുളത്തിനു സമീപം കഴിഞ്ഞ 30 വർഷമായി തരിശു കിടന്നിരുന്ന 20 ഏക്കർ നെൽവയലിൽ നടത്തിയ കൃഷി വിളവെടുപ്പാകുന്നു. കോവിഡാനന്തര കേരളം അഭിമുഖീകരിക്കാൻ പോകുന്ന രൂക്ഷമായ ഭക്ഷ്യക്ഷാമത്തെ നേരിടാൻ കേരളസർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളംപദ്ധതിയുടെ തുടർച്ചയായിട്ടാണ് കേരളസർവകലാശാല ഹരിതാലയം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സർവകലാശാലയുടെ കീഴിലുള്ള മുഴുവൻ കോളേജുകളിലെയും വിദ്യാർത്ഥികളെ കൃഷിയിലേക്ക് മടക്കി കൊണ്ടുവരികയെന്നുള്ള മഹത്തായ ലക്ഷ്യമാണ് ഈപദ്ധതിക്കുള്ളത്. ജൂൺ 5 ന് ബഹു.കൃഷി വകുപ്പ് മന്ത്രി ശ്രീ.വി.എസ്.സുനിൽകുമാർ ഞാറു നട്ട് ഉദ്ഘാടനം നിർവഹിച്ചു. നെൽകൃഷിയുടെ വിളവെടുപ്പും അദ്ദേഹം തന്നെ സെപ്റ്റംബർ 8 ചൊവ്വാഴ്ച 8.30 A.M ന് നിർവഹിക്കും.



*അഡ്വ. എ. അജികുമാർ വൃക്ഷത്തെ നടുന്നു*

# ഹരിതാലയം
## മികച്ച മാതൃക



**ഡോ. എസ്. നസീബ്**
സിൻഡിക്കേറ്റ് അംഗം

**ഹ**രിതാലയം വലിയ മാതൃകയാണ്. കാര്യവട്ടം ക്യാമ്പസിനെ ഹരിതാഭമാക്കുന്ന പ്രതിബദ്ധതയാർന്ന പദ്ധതി.അക്കാദമിക വസന്തത്തിനൊപ്പം ചുറ്റുപാടിനെയും ജീവിതവ്യമാക്കണമെന്ന ലളിതമായ വലിയ ബോധ്യങ്ങളെ അനുഭവിക്കാനുള്ള ശരിയായ വഴികൾ തുറന്നിടുകയാണ് കേരളസർവകലാശാല. കാര്യവട്ടം ക്യാമ്പസ് ഫലസമൃദ്ധമായിരിക്കുന്നു. അക്കേഷ്യ എന്ന അധിനിവേശസസ്യമാണ് ക്യാമ്പസിന്റെ സമൃദ്ധിയെ തകിടംമറിച്ചത്. ഇപ്പോഴാകട്ടെ ഒട്ടേറെ പാരിസ്ഥിക പ്രശ്നങ്ങൾ അത് സൃഷ്ടിക്കുകയും ചെയ്യുന്നു. ഘട്ടം ഘട്ടമായി അക്കേഷ്യമരങ്ങൾ നീക്കംചെയ്ത് തദ്ദേശസസ്യങ്ങളും ഫലവൃക്ഷങ്ങളും പകരം നട്ടുവളർത്തുന്നതോടെ പുതിയൊരു ആവാസസാഹചര്യം രൂപപ്പെടുകയും അത് ക്യാമ്പസിന്റെ മികച്ച പാരിസ്ഥിക മൂല്യങ്ങളും ജൈവവൈവിധ്യവും വീണ്ടെടുക്കുകയും ചെയ്യുമെന്ന് ഉറപ്പാണ്. അതിന് പര്യാപ്തമാകുന്ന തരത്തിലും ഭാവിക്ക് സുസ്ഥിരമായ പാരിസ്ഥികസേവനങ്ങൾ ലഭ്യമാവുന്ന വിധത്തിലുമാണ് ഹരിതാലയം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇക്കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ സർവകലാശാലയുടെ ഈ ബഹുമുഖ പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞതുപോലെ 'ഹരിതാലയം ഒരു ഇടപെടലാണ്'. ഒരു എക്കോളജിക്കൽ സിവിലൈസേഷൻ സൃഷ്ടിച്ചെടുക്കാനുള്ള ഇടപെടൽ. പരിസ്ഥിതി സംരക്ഷണരംഗത്തു പ്രവർത്തിക്കുന്ന ഗവേഷകരും സർവകലാശാലയുടെ സസ്യശാസ്ത്രവകുപ്പും പരിസ്ഥിതി വകുപ്പുമാണ് പരിസരത്തിന് അനുയോജ്യമാകുന്ന തരത്തിൽ ഈ പദ്ധതി നടപ്പാക്കുന്നത്. അക്കേഷ്യ നീക്കം ചെയ്തിടത്ത് നട്ടുവളർത്തുന്ന ഫലവൃക്ഷങ്ങളും നാടൻ സസ്യങ്ങളും ആൻഡമാൻ-നിക്കോബാർ ദ്വീപസമൂഹത്തിൽ നിന്നുകൊണ്ടുവന്ന അപൂർവ സസ്യശേഖരങ്ങളും ആയിരം തെങ്ങിൻ തൈതോട്ടവും വാഴത്തോപ്പും മാവിൻതോപ്പും തേക്ക്മരങ്ങളും മത്സ്യക്കൃഷിയും വിശാലമായ പച്ചക്കറിത്തോട്ടവും വലിയ മാതൃകയാണ്. അതുപോലെതന്നെ ദശകങ്ങളായി ക്യാമ്പസിൽ തരിശുകിടന്ന പതിനഞ്ച് ഏക്കർ വയൽ കൃഷിയോഗ്യമാക്കി സംസ്ഥാന കൃഷിവകുപ്പിന്റെ സഹായത്തോടെ നെൽക്കൃഷി നടത്തി കേരളസർക്കാരിന്റെ സുഭിക്ഷകേരളമെന്ന സന്ദേശത്തെ മഹാദുരന്തകാലത്ത് നെഞ്ചോട് ചേർത്തതും വിദ്യാർത്ഥികളടക്കമുള്ള കേരളസർവകലാശാലാ സമൂഹത്തിന്റെ മികച്ച സാമൂഹ്യസമ്മാനമാണ്. നമ്മുടെ വയലിൽ വിളഞ്ഞു കിടക്കുന്ന 'മണിരത്ന'നെന്മണികൾ കേരളമാകെ കൃഷിയിറക്കാനുള്ള വിത്തായി കാർഷിക സർവകലാശാല ഏറ്റുവാങ്ങുകയാണ്. കാർഷികപ്രവർത്തനങ്ങളെ വിദ്യാർത്ഥികളുടെ പഠനഗവേഷണത്തിന്റെ കൂടി ഭാഗമാക്കാനുള്ള ആശയമാണ് സർവകലാശാലയുടെ കാർഷികഫെല്ലോഷിപ്പ്. ക്യാമ്പസിലെ കാർഷികപ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുന്ന വിദ്യാർത്ഥികൾക്കാണ് ഈ ഫെല്ലോഷിപ്പ് ലഭ്യമാകുന്നത്. ഇത്തരത്തിൽ നിരവധി മാതൃകകളൊരുക്കുന്ന ഹരിതാലയം, വരുംകാലത്തെ സുരക്ഷിതവും സുഭിക്ഷവുമാക്കാൻ മനസുള്ള തലമുറയെക്കൂടി ലക്ഷ്യമാക്കുമ്പോൾ സർവകലാശാല കൂടുതൽ തിളക്കമുള്ളതായി തീരുകയാണ്.



*ഡോ. എസ്. നസീബ് വൃക്ഷത്തെ നടുന്നു*



# ഹരിതാലയം പദ്ധതി–
## നാടിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് ഒരു മാതൃക

**ജി. ബിജുകുമാർ**
മെമ്പർ സിൻഡിക്കേറ്റ്

**ലോ**കത്തെ നൂറ്റിയമ്പതോളം രാജ്യങ്ങൾ കോവിഡ്-19 എന്ന മഹാമാരിയുടെ പിടിയിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമങ്ങൾ നടത്തിവരുമ്പോൾ തന്നെ ഈ ആഗോള പകർച്ചവ്യാധി സൃഷ്ടിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ആശങ്കയിലാണ് ലോകരാജ്യങ്ങൾ. മറ്റെല്ലാ മേഖലയിലും എന്നപോലെ കൃഷിയും അനുബന്ധമേഖലയും പ്രതിസന്ധി നേരിടുന്നത് ഭക്ഷ്യസുരക്ഷയെക്കുറിച്ച് വലിയ ആശങ്ക ഉളവാക്കുന്നു. ഭക്ഷണത്തിനായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നമ്മുടെ സംസ്ഥാനം ഈ സാഹചര്യത്തിൽ ഭക്ഷ്യസ്വയംപര്യാപ്തതയെക്കുറിച്ചുള്ള ഗൗരവതരമായ ചർച്ചകളും സുഭിക്ഷകേരളംപദ്ധതി പോലെയുള്ള ഭരണപരമായ ഇടപെടലുകളും നടത്തിവരുന്ന സാഹചര്യത്തിലാണ് സർവകലാശാലാസിൻഡിക്കേറ്റ് മുമ്പോട്ടുവെച്ച ഹരിതാലയംപദ്ധതി ഏറെ പ്രസക്തമാകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനും, മന്ത്രിമാരായ ശ്രീ.കടകംപള്ളി സുരേന്ദ്രനും, ശ്രീ.വി.എസ് സുനിൽകുമാറും അടക്കം പങ്കെടുത്ത് കൊണ്ട് ഹരിതാലയം പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് തന്നെ നമ്മുടെ നാടിന് ഈ പദ്ധതിയുടെ പ്രാധാന്യം വിളിച്ചോതുന്ന ഒന്നാണ്.

പഠനഗവേഷണവകുപ്പിലെ വിദ്യാർത്ഥികളെ കൃഷിരീതിയുമായി ബന്ധിപ്പിച്ചുകൊണ്ട് അവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കാർഷികഫെലോഷിപ്പ് അടക്കം നല്കിക്കൊണ്ട് ഇത്തരം പ്രവർത്തനങ്ങളിലേക്ക് അവരെ കൊണ്ട് വന്ന്കൊണ്ടുള്ള സർവകലാശാലയുടെ പ്രവർത്തനം സമൂഹത്തിന് ഏറെ മാതൃകാപരമാണ്. കേരളസർവകലാശാലയുടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒട്ടനവധി വികസനപ്രവർത്തങ്ങളാണ് ബഹുമാനപ്പെട്ട വൈസ്ചാൻസലറുടെയും സിൻഡിക്കേറ്റിന്റെയും നേതൃത്വത്തിൽ ഇക്കാലയളവിൽ നടന്നുകൊണ്ടിരിക്കുന്നത് .കാര്യവട്ടം ക്യാമ്പസിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള സംസ്ഥാനസർക്കാരിന്റെ കിഫ്ബി വഴിയുള്ള പദ്ധതി അന്തിമാനുമതി ലഭിച്ച് നടപ്പിലാക്കിവരികയാണ്. ബഹുമാനപ്പെട്ട പ്രോ-വൈസ് ചാൻസലർ ഡോ.പി.പി.അജയകുമാർ ചെയർമാനായി കേരളസർവകാലാശാല നിയോഗിച്ച വിദഗ്ദസമിതി തയാറാക്കിയ സർവകാലാശാലാവിദ്യാഭ്യാസം കോവിഡ്കാലഘട്ടത്തിനും അതിനു ശേഷവും എന്ന റിപ്പോർട്ട് നടപ്പിൽ വരുത്തുന്നതോടെ കേരളസർവകലാശാലയുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ ദേശീയ-അന്തർദേശീയ നിലവാരത്തിലേക്ക് ഉയരും. പുതിയ പഠനഗവേഷണവകുപ്പുകളും കോഴ്സുകളും കൂടാതെ ആധുനികനിലവാരത്തിലുള്ള ലാബ്, ലൈബ്രറി മറ്റ് അടിസ്ഥാന സൗകര്യങ്ങളും കേരള സർവകലാശാലയെ രാജ്യത്തെ മികച്ച ആദ്യ പത്ത് സർവകലാശാലകളിൽ ഒന്നാക്കി മാറ്റും.

ഇത്തരം അക്കാദമികമായ പ്രവർത്തനങ്ങൾക്കിടയിലും ഹരിതാലയം പദ്ധതിയിലൂടെ വരുംകാലങ്ങളിൽ കാര്യവട്ടംക്യാമ്പസിലേക്ക് ആവശ്യമുള്ള ഭക്ഷ്യവസ്തുകൾ ലഭ്യമാക്കുവാൻ കഴിയുന്ന സാഹചര്യം സംജാതമാകും എന്നതിൽ സംശയമില്ല. അങ്ങനെ ഭക്ഷ്യസ്വയംപര്യാപ്തത നേടിയ ക്യാമ്പസ് എന്ന ഖ്യാതി അഫിലിയേറ്റഡ് കോളേജുകളിലെ വദ്യാർത്ഥികളിലും പൊതുസമൂഹത്തിലും എത്തിക്കുവാൻ കഴിയുന്നതു വഴി ഈ കോവിഡ്കാലത്ത് കേരളസർവകലാശാലയിൽ നടത്തുന്ന മറ്റ് അക്കാദമികപ്രവർത്തനങ്ങളോടൊപ്പം സമൂഹത്തിനും ഗുണകരമാകുന്ന ഒരു സന്ദേശം യുവ തലമുറയിലേക്ക് പകർന്നു നൽകുന്നതിനും സർവകലാശാലയ്ക്ക് കഴിയും. മുൻ കാലങ്ങളിൽ ഉണ്ടായ മഹാമാരികൾക്ക് ശേഷം അവയെ മറികടക്കുവാനുള്ള ശാസ്ത്രീയമായ ഗവേഷണങ്ങളും കണ്ടുപിടുത്തങ്ങളും തുടർന്നുവന്ന സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിയുടേയും അടിസ്ഥാന സ്രോതസ് സർവകലാശാലകളായിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തിയിരുന്നു.



സാമൂഹികപ്രസക്തിയുള്ള വിഷയങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള ഗവേഷണങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിലൂടെയും ഗവേഷണരംഗത്തെ ഗുണഫലങ്ങൾ സമൂഹത്തിൽ എത്തിക്കാനുള്ള കമ്മ്യൂണിറ്റി ലാബിന്റെ പ്രവർത്തനവും, കൂടുതൽ പഠനഗവേഷണവകുപ്പുകളും കോഴ്സുകളും ആധുനിക ലാബ്സൗകര്യങ്ങളും അടക്കം സജ്ജമാക്കുകവഴി കോവിഡാനന്തര കാലത്ത് കേരളസർവകലാശാല ഏറെ സാമൂഹിക ശ്രദ്ധ നേടും. അതോടൊപ്പം കേരളത്തെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് എത്തിച്ചുകൊണ്ടുള്ള സംസ്ഥാനസർക്കാരിന്റെ സുഭിക്ഷകേരളം പദ്ധതിയുടെ വിജയത്തിന് കാരണമാകുന്ന ഉത്തമമാതൃകകളിലൊന്നായി കേരളസർവകാലാശലയുടെ ഹരിതാലയം പദ്ധതിയും ശ്രദ്ധനേടും എന്നതിൽ സംശയമില്ല. ഹരിതാലയംപദ്ധതി സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ബഹു.വൈസ് ചാൻസലർ, സർവകലാശാലാ സിൻഡിക്കേറ്റ്, സംസ്ഥാനസർക്കാരിന്റെ കൃഷിവകുപ്പ്, സർവകലാശാലയിലെ ബോട്ടണി, അക്വാട്ടിക്ക് ബയോജളി, എൻവയോൺമെന്റൽ സയൻസസ് തുടങ്ങി വിവിധ പഠനവകുപ്പുകളും ഇത് കാര്യക്ഷമമായി മുമ്പോട്ട് കൊണ്ട് പോകുവാൻ പ്രയത്നിക്കുന്ന അധ്യാപകരും, വിദ്യാർത്ഥികളും, ജീവനക്കാരും തീർച്ചയായും ചരിത്രത്തിന്റെ ഭാഗമാകുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

# ഹരിത മാതൃകകൾ



**ഡോ. സി.ആർ. പ്രസാദ്**
രജിസ്ട്രാർ

**എ**ല്ലാ കലകളുടെയും ശാല എന്ന് സർവകലാശാലയ്ക്ക് അർത്ഥമുണ്ടെങ്കിൽ അത് സാർത്ഥമാക്കുന്നതരത്തിലാണ് കേരള സർവകലാശലായുടെ പ്രവർത്തനം മുന്നേറുന്നത്. സിലബസ് കേന്ദ്രീകൃതമായ പഠനവും അതിലൂടെ ഓരോരോമേഖലയിലേക്കുമുള്ള അനന്തരതലമുറയെ രൂപപ്പെടുത്തുക എന്ന പ്രക്രിയയും മാത്രമല്ല ഇവിടെ നടക്കുന്നത്. അത് ഭംഗിയായി നടത്തുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. അത്തരം പഠനഗവേഷണപ്രക്രിയകളിൽ മാത്രം നിൽക്കാതെ, സർവകലാശാലയുടെ സാമൂഹികദൗത്യം എന്തെന്ന് തിരിച്ചറിയുന്ന ഒരു ഭരണനേതൃത്വത്തിന്റെ നിർദ്ദേശത്തിൽ സർവകലാശാല ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ മാതൃസർവകലാശാലയെ ഇന്ന് മാതൃകാസർവകലാശാലയായി ഉയർത്തുകയാണ്.

സർവകലാശാലയുടെ വിശാലമായ കാര്യവട്ടംക്യാമ്പസിനെ ഫലസമൃദ്ധവും ഹരിതാഭവുമാക്കുന്നതിനുള്ള പദ്ധതികൾ ആവശ്യമാണ് എന്ന് ഡോ.എസ്.നസീബ് ഒരു സിൻഡിക്കേറ്റ്മീറ്റിംഗിൽ അഭിപ്രായമുന്നയിക്കുകയുണ്ടായി. മാതൃകാപരമായ അത്തരം പദ്ധതികൾ നടപ്പാക്കണമെന്ന്സിൻഡിക്കേറ്റംഗങ്ങൾഒന്നടങ്കം നിർദ്ദേശിക്കുകയും അഡ്വ.കെ.എച്ച്.ബാബുജാൻ, അഡ്വ.എ.അജികുമാർ എന്നിവരുൾപ്പെടെയുള്ള സിൻഡിക്കേറ്റംഗങ്ങൾ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന്റെ ചുമതല ഏറ്റെടുക്കുകയുംകൂടി ചെയ്തതിനെ തുടർന്നാണ് ക്യാമ്പസിനെ ഫലസമൃദ്ധമാക്കുന്ന ഹരിതാലയംപദ്ധതി രൂപപ്പെടുന്നത്. അതിന്റെ ഫലമോ? കാര്യവട്ടത്തെ അക്കേഷ്യാമരങ്ങൾ മുറിച്ചുമാറ്റുകയും കേരള ഫോറസ്റ്റ്ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യുന്ന മഹത്തായ കർമ്മത്തിലേക്ക് സർവകലാശാല കടന്നു. ഹൈമവതിക്കുളത്തിന്റെ സമീപത്ത് തരിശായിക്കിടന്ന ചതുപ്പുനിലം (പഴയ നെൽവയൽ) തിരിച്ചുപിടിക്കുന്ന മഹാദൗത്യം ഏറ്റെടുത്തു. സംസ്ഥാന കൃഷിവകുപ്പിന്റെ സഹകരണത്തോടെ അവിടെ വിതച്ച മണിരത്ന എന്ന നെല്ല് വിളവെടുക്കാൻ പാകത്തിലായിരിക്കുന്നു. ഇത് കേരളത്തിന്റേതായ നെല്ലിനമായി വികസിക്കാൻ പോവുകയാണ്.

ആൻഡമാൻ ദ്വീപസമൂഹത്തിൽ നിന്നും ഡോ.ഗംഗാപ്രസാദിന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന ഔഷധസസ്യങ്ങളും വൃക്ഷങ്ങളും ക്യാമ്പസിന്റെ ഒരു ഭാഗത്ത് തലയുയർത്തി വളർന്നു വരുന്നു. കൃഷിവകുപ്പിന്റെയും ബോട്ടണിവിഭാഗത്തിന്റെയും സഹകരണത്തോടെ നട്ടുവളർത്തിയ പച്ചക്കറിത്തോട്ടത്തിൽ നിന്നും വിളവെടുത്തു തുടങ്ങിയിരിക്കുന്നു. അക്വാട്ടിക് ബയോളജിയിലെ ഡോ.പ്രമോദ്കിരണിന്റെ നേതൃത്വത്തിലുള്ള മത്സ്യകൃഷി ഹൈമവതിക്കുളത്തിൽ സൃഷ്ടിക്കുന്ന ഓളപ്പരപ്പ് ഹൃദ്യമാകുന്നുണ്ട്. കേരളസർക്കാരിന്റെ സുഭിക്ഷകേരളം എന്നപദ്ധതിക്കൊപ്പം പുതുതലമുറയുടെ ചിന്തകളെ കൂടി ചേർത്തുവെയ്ക്കാൻ കേരളസർവകലാശാലയുടെ ഈ ശ്രമങ്ങൾ സഹായകമാകുന്നുണ്ട് എന്ന് നിസ്സംശയം പറയാം. സർവകലാശാലയിലെ വിദ്യാർത്ഥികൾക്കു നൽകുന്ന കാർഷികഫെല്ലോഷിപ്പ് കാർഷിക സംസ്കാരത്തിൽ വിദ്യാർത്ഥികൾക്ക് അഭിരുചി വളർത്താൻ പര്യാപ്തമാകുന്നുണ്ട് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

യഥാർത്ഥത്തിൽ കോവിഡ്കാലത്ത് സർവകലാശാലാസമൂഹം ആലസ്യത്തിലായിരുന്നില്ല. കൂടുതൽ ഉന്മേഷത്തോടെ പ്രവർത്തിക്കുകയായിരുന്നു എന്ന് ഇതെല്ലാം തെളിയിക്കുന്നു. സാമൂഹിക ക്രമം വെല്ലുവിളികൾ നേരിടുന്ന കാലഘട്ടത്തിലും അതെങ്ങനെ തരണം ചെയ്യാമെന്ന പാഠം പൊതുസമൂഹത്തിന് നൽകുന്ന പ്രവർത്തനങ്ങളാണ് സർവകലാശാലയിൽ ഇന്നു നടക്കുന്നത്.



*കൃഷിയിടത്തിൽ ബഹു. വൈസ് ചാൻസലർ ഡോ. വി.പി. മഹാദേവൻ പിള്ളയും ബഹു. സിണ്ടിക്കേറ്റ് അംഗം അഡ്വ. കെ.എച്ച്. ബാബുജാനും*

യഥാർത്ഥത്തിൽ മാതൃസർവകലാശാല ഇങ്ങനെയൊക്കെയാണ് മാതൃകാസർവകലാശാലയിത്തീർന്നത്.

ഈ സന്ദർഭത്തിൽ, എല്ലാ പ്രവർത്തനങ്ങളെയും പുരോഗമനാത്മകമായും ആരോഗ്യകരമായും സമീപിച്ച് അതിനാവശ്യമായ നേതൃത്വം നൽകുന്നതിൽ സർവകലാശാലയുടെ ബഹുമാനപ്പെട്ട വൈസ്-ചാൻസലർ കാണിക്കുന്ന ആത്മാർത്ഥത പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ബഹു.വൈസ് ചാൻസലർ ഡോ.വി.പി.മഹാദേവൻ പിള്ള സാറും പ്രോ-വൈസ് ചാൻസലർ ഡോ.പി.പി.അജയകുമാർ സാറും ഒരേ മനസ്സോടെ പ്രവർത്തിക്കുന്ന സിൻഡിക്കേറ്റും കേരളസർവകലാശാലയുടെ നേതൃത്വത്തിൽ ഇരിക്കുന്ന സന്ദർഭത്തിലുണ്ടാകുന്ന ഈ മാറ്റം ചരിത്രത്തിന്റെ ഭാഗമാകുമ്പോൾ, അക്കാര്യത്തിൽ അവരെല്ലാം കാണിക്കുന്ന സഹകരണവും ആത്മാർത്ഥയും കൂടിയാണ് ഒപ്പം രേഖപ്പെടുത്തുന്നത്.കേരളസർവകലാശാല മാറുകയാണ്. കേരളത്തിനും രാജ്യത്തിനും മാതൃകയാകാൻ പറ്റുന്ന തരത്തിൽ വളരുകയാണ്. ഇതിനിടയിലുണ്ടാകുന്ന വിമർശനങ്ങൾ ആരോഗ്യകരമെങ്കിൽ അതു സ്വീകരിച്ചും അടിസ്ഥാനരഹിതമെങ്കിൽ അവഗണിച്ചും സർവകലാശാലാപ്രവർത്തനം അതിവേഗത്തിൽ മുന്നേറുന്നു.

---

# കാർഷികസംസ്കാരം തിരികെ പിടിക്കുക



**ഡോ. ഗോപ്ചന്ദ്രൻ കെ.ജി.**
മെമ്പർ സിൻഡിക്കേറ്റ്

**കേ**രളസർവകലാശാലാസിൻഡിക്കേറ്റ് ഹരിതാലയംപദ്ധതി രൂപകൽപ്പന ചെയ്തതിലൂടെ സംസ്ഥാനത്തെ ഭക്ഷ്യഉത്പാദനരംഗത്ത് നേരിട്ട് ഉണ്ടാക്കാവുന്ന ചലനത്തിനുപരിയായി വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും ജീവനക്കാരിലും ഉണ്ടാക്കുന്ന കാർഷികസംസ്കാരവും ഒരു വിപ്ലവമായി രൂപാന്തരം പ്രാപിക്കുമെന്ന് ഉറപ്പാണ്. കേരളത്തിലെ മാതൃസർവകലാശാലയിലുണ്ടാകുന്ന ഈ മാറ്റം കേരളത്തിന്റെ സമസ്ത പുരോഗതിക്കും ഒരുപക്ഷേ സ്വഭാവരൂപീകരണത്തിനു തന്നെയും മുതൽക്കൂട്ടാകുമെന്ന് കരുതുന്നു. ഈ പദ്ധതിക്ക് സർവ്വവിധമംഗങ്ങളും നേരുന്നു.



# ഹരിതാലയം പദ്ധതി–
## ജൈവസംരക്ഷണവും ഭക്ഷ്യസുരക്ഷയും

**പ്രൊഫ. (ഡോ.) എ. ഗംഗാപ്രസാദ്**
ചീഫ് കോർഡിനേറ്റർ, ഹരിതാലയം പദ്ധതി

**കോ**വിഡ്-19 മഹാമാരി ലോകത്തിനാകമാനം വലിയ പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ സമസ്ത മേഖലകളിലും ഈ മഹാമാരിയുണ്ടാക്കുന്ന പ്രഹരം നാം ചിന്തിക്കുന്നതിനുമപ്പുറമാണ്. ലോകത്തിലെ മിക്ക രാജ്യങ്ങളുടേയും സാമ്പത്തിക സ്ഥിതി അനുദിനം വഷളായിക്കൊണ്ടിരിക്കുന്നു. ലോകം മുഴുവൻ ഇന്നൊരു ലോക്ഡൗണിലാണ്. ആയതിനാൽ തന്നെ അസംഘടിത മേഖലയിലെ തൊഴിലില്ലായ്മയും നമ്മുടെ കണക്കുകൂട്ടലുകൾക്കപ്പുറത്തേക്കാണ് വർദ്ധിക്കുന്നത്. ഇത് ഏറ്റവും കൂടുതലായി ബാധിക്കുന്നത് കൃഷി, ഭക്ഷ്യോത്പാദനം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്ന ജനങ്ങളെയാണ്. പല രാജ്യങ്ങളിലും മഴയെ ആശ്രയിച്ചാണ് കൃഷിയും ഭക്ഷ്യോത്പാദവും നടക്കുന്നത്. കോവിഡ്-19 കാരണം കൃത്യസമയത്ത് കൃഷിയിറക്കുവാൻ സാധിക്കാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. അതിനാൽ ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനത്തിലും വലിയ ഇടിവ് സംഭവിക്കാൻ പോകുന്നു. സമയത്തിന് കർഷകർക്ക് കൃഷിചെയ്യാൻ സാധിക്കാത്തത് ഭക്ഷ്യോത്പാദനം വരും നാളുകളിൽ നന്നേ കുറയുവാൻ ഇടയാക്കുകയും അത് ലോകത്തെയാകമാനം ഭക്ഷ്യ ക്ഷാമത്തിലേയ്ക്കും പട്ടിണി മരണങ്ങളിലേക്കും തള്ളിവിടുകയും ലോകം മുഴുവൻ അരാജകത്വത്തിലേക്ക് കൂപ്പുകുത്തുമെന്നും ഐക്യരാഷ്ട്ര സംഘടന ഇതിനോടകം തന്നെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പട്ടിണി മരണങ്ങൾ ലോകത്താകമാനം കോവിഡ് മഹാമാരിമൂലം ഉണ്ടാകുന്ന മരണസംഖ്യയേക്കാൾ വലുതായിരിക്കുമെന്ന് ലോകത്തിലെ 20 സ്വതന്ത്ര ചാരിറ്റബിൾ സംഘടനയും കോർ ഫെഡറേഷനായ ഓക്സ്ഫാം അതിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

നമ്മുടെ രാജ്യവും കോവിഡ് 19 മഹാമാരിമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഉത്പാദനമേഖല മുഴുവൻ സ്തംഭനത്തിലും മിക്ക ആളുകളും പട്ടിണിയുടേയും ആത്മഹത്യയുടേയും വക്കിലുമാണ്. കോവിഡ് 19 മൂലം കേരളത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നഷ്ടം കണക്കുകൾക്ക് അതീതമാണ്. രാജ്യത്തിലേയും വിശിഷ്യകേരളത്തിലേയും കാർഷികോത്പാദനത്തിലും ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനത്തിലും വരും നാളുകളിൽ വൻതോതിലുള്ള കുറവു വരുമെന്ന് അനുമാനിക്കുന്നു. ഈ സാഹചര്യം കണക്കിലെടുത്താണ് കേരള ഗവൺമെന്റ് ഭക്ഷ്യ കാർഷികമേഖലക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സുഭിക്ഷ കേരളം പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്. തരിശുഭൂമിയിൽ കൃഷിയിറക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, യുവാക്കളെയും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി മലയാളികളെയും കൃഷിയും അതിനോടനുബന്ധിച്ച വ്യവസായ സംരംഭങ്ങളിലും പങ്കാളിയാക്കുക, വീട്ടുവളപ്പിലെ മത്സ്യകൃഷി തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാർ നടപ്പാക്കുന്ന സുഭിക്ഷ കേരളം പദ്ധതിക്ക് പിന്തുണയുമായി കേരള സർവകലാശാല ഹരിതാലയം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്. കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസ് ഒരു കാലത്ത് ജൈവ വൈവിധ്യത്താൽ സംപുഷ്ടമായിരുന്നു. നാട്ടുമാവുകളും ഒട്ടനവധി ഫലവൃക്ഷങ്ങളും ഔഷധപ്രാധാന്യമുള്ള മരുന്നു ചെടികളും ഭക്ഷ്യയോഗ്യമായ ഇലച്ചെടികളാലും സമ്പത്സമൃദ്ധമായിരുന്നു 1980 കളുടെ തുടക്കം വരെ. പല സ്വകാര്യ വ്യക്തികളിൽ നിന്നും സർക്കാർ യൂണിവേഴ്സിറ്റിക്ക് വേണ്ടി ഏറ്റെടുത്ത സ്ഥലത്ത് അന്നത്തെ പ്രദേശവാസികൾ പലതരം കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തിയിരുന്നു. അതിൽ പ്രധാനമായിരുന്നു കാര്യവട്ടം കാമ്പസിലെ ഹൈമാവതി കുളത്തിനോടനുബന്ധിച്ച് നെൽകൃഷി ചെയ്തിരുന്ന സ്ഥലം. ഏകദേശം 20 ഏക്കറിലധികം സ്ഥലത്ത് കാലാകാലങ്ങളിലായി നെൽകൃഷി ചെയ്തിരുന്ന ഈ പ്രദേശം ഇന്ന് അക്കേഷ്യ കാടുകളാൽ ഏകദേശം പൂർണ്ണമായും മൂടപ്പെട്ട അവസ്ഥയിലാണ്. സർവകലാശാല ഈ സ്ഥലത്ത് 80കളുടെ തുടക്കം വരെ കൃഷി ചെയ്തിരുന്നതായി രേഖകളിൽ കാണുന്നു.



*കര്യവട്ടം ക്യാമ്പസ്സിലെ ഹൈമവതി ജലാശയം*

### അക്കേഷ്യയുടെ വരവും ജൈവവൈവിധ്യ ശോഷണവും

1980 കളിലാണ് കേരള വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രിയുടെ വനവൽക്കരണത്തിന്റെ ഭാഗമായി വിദേശിയായ അക്കേഷ്യ മരങ്ങളെ സർവകലാശാല കാര്യവട്ടം കാമ്പസിൽ നട്ടുപിടിപ്പിക്കുന്നത്. വളരെ കൗതുകം ജനിപ്പിക്കുന്ന ഒരു മരമെന്ന രീതിയിലാണ് അന്ന് അക്കേഷ്യ മരങ്ങളെ സർവകലാശാല സ്വീകരിച്ചത്. പക്ഷേ ആ മരത്തിന്റെ തനിനിറം അറിയാൻ നമുക്ക് അധികം കാത്തിരിക്കേണ്ടി വന്നില്ല. കാമ്പസിലെ ഒട്ടുമിക്ക സസ്യങ്ങളേയും മനുഷ്യ ശരീരത്തിൽ ബാധിക്കുന്ന കാൻസർ പോലെ ആ അക്കേഷ്യ മരങ്ങൾ വിഴുങ്ങികൊണ്ടിരുന്നതിന്റെ ഫലമായി ഒട്ടുമിക്ക തനതു സസ്യങ്ങളും ഇവിടെ നിന്ന് ക്രമേണ അപ്ര



*ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ വൃക്ഷത്തൈ നടുന്നു*

ത്യക്ഷമായികൊണ്ടിരുന്നു. 20 ഏക്കറില ധികമുണ്ടായിരുന്ന നെൽവയൽ ചുരുങ്ങി പത്തേക്കറിനു താഴെയായി. അക്കേഷ്യ മരങ്ങൾ ഭൂഗർഭജലം കൂടുതൽ ആഗിരണം ചെയ്യുകയും അവയുടെ ഇലകളിൽ ശേഖരിച്ചുവയ്ക്കുകയും ചെയ്യുമെന്നതിനാൽ കാമ്പസിന്റെ ജലസംഭരണശേഷി ക്രമാതീതമായി കുറയുകയും ഭൂഗർഭജലത്തിന്റെ ലഭ്യതയിൽ വലിയ വ്യതിയാനം സംഭവിക്കുകയും ചെയ്തു. കൂടാതെ പല നീരുറവുകളും ചിറകളും വറ്റിവരണ്ടു. ഈ ജലാശയങ്ങളെ ആശ്രയിച്ചു കഴിഞ്ഞിരുന്ന പല ജീവികളും ഇവിടെ നിന്നും അപ്രത്യക്ഷമായി. അക്കേഷ്യ മരങ്ങൾ ഈ സൂചിപ്പിച്ച പാരിസ്ഥിക പ്രശ്നങ്ങൾക്കു പുറമേ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു. അക്കേഷ്യ മരങ്ങളിൽ നിന്നുള്ള പൂമ്പൊടി ശ്വാസകോശ രോഗങ്ങൾക്കും അലർജിക്കും കാരണമാകുന്നു. അക്കേഷ്യ മരങ്ങൾക്ക് ചുവട്ടിൽ മറ്റൊരു സസ്യത്തെയും വളർത്തുകയില്ലെന്നതാണ് ഈ മരത്തിന്റെ മറ്റൊരു സവിശേഷത. ഇലകൾ സ്വയം രൂപാന്തരം പ്രാപിച്ചവയും ഭൂമിയിലെ വെള്ളം അമിതമായി ഇതിന്റെ ഇലകളിൽ സംഭരിച്ചു വയ്ക്കുകയും ചെയ്യുന്നതു കാരണം ഭൂമിയിലെ ജലനിരപ്പ് അമിതമായി താഴുന്നതായും പഠനങ്ങൾ വ്യക്തമാക്കുന്നു. ഇവയുടെ ഇലകൾ മണ്ണിൽ വീണാൽ അനേക മാസങ്ങൾ മണ്ണിൽ അഴുകാതെ കിടക്കുമെന്നതും ഇതിന്റെ ഒരു പ്രത്യേകതയാണ്. കൂടാതെ ഇലകളിലടങ്ങിയിട്ടുള്ള ചില രാസപദാർത്ഥങ്ങൾ മറ്റ് ചെടികളെ മണ്ണിൽ വളരാൻ അനുവദിക്കുകയുമില്ല. മിക്കസമയത്തും ഇതിൽ നിറയെ പൂക്കളുണ്ടാകും. ഇത് പൂമ്പൊടി മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു മാത്രമല്ല ഇവയിൽ എല്ലാകാലത്തും വിത്തുത്പാദനവും സാധ്യമാണ്. ഇത് കാരണം എൺപതുകളിൽ വനംവകുപ്പ് നട്ട മരങ്ങളെക്കാൾ ആയിരക്കണക്കിന് മരങ്ങളാണ് ഓരോ വർഷവും പുതുതായി കാമ്പസിലും മറ്റ് പരിസരപ്രദേശങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതു കാമ്പസിലെ മാത്രമല്ല സമീപ പ്രദേശങ്ങളിലെ മറ്റ് സസ്യങ്ങളുടേയും നിലനിൽപ്പിന് ഭീഷണി ഉയർത്തുന്നതാണ്. ഈ ഒരു സാഹചര്യത്തിലാണ് കാമ്പസിനെ ബാധിച്ചിരുന്ന ഈ അക്കേഷ്യ എന്ന കാൻസറിനെ മുറിച്ച് മാറ്റി തനതു വൃക്ഷങ്ങളുടേയും നമുക്ക് നഷ്ടപ്പെട്ട നെൽകൃഷി, കൃഷിഭൂമി ഇവയെല്ലാം വീണ്ടെടുക്കാനും അതുവഴി വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും ജീവനക്കാരിലും ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും കൃഷിയിലൂടെയുള്ള ഭക്ഷ്യ സുരക്ഷയുടെയും പ്രാധാന്യത്തെപ്പറ്റി ഒരു അവബോധമുണ്ടാകാനും കാര്യവട്ടം കാമ്പസിനെ ഒരു ഹരിതാഭമായ ഒന്നാക്കി മാറ്റാനും വേണ്ടി സർവകലാശാല ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയാണ് ഹരിതാലയം. ഈ പദ്ധതിയുടെ ഉദ്ഘാടനം ഇക്കഴിഞ്ഞ ലോകപരിസ്ഥിതി ദിനമായ ജൂൺ 5ന് വീഡിയോ കോൺഫറൻസിലൂടെ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കുകയുണ്ടായി. ഈ പദ്ധതിയിൽ പ്രധാനമായി നെൽകൃഷി, അതിനോടനുബന്ധിച്ചുള്ള കുളങ്ങളിൽ മത്സ്യകൃഷി, തനതു വൃക്ഷങ്ങളിലൂടെയുള്ള വനവൽക്കരണം, കേരളത്തിലെ നാട്ടുമാവുകളുടേയും അധികം അറിയപ്പെടാത്ത തനതു ഫലവൃക്ഷങ്ങളുടേയും ഉദ്യാനം, ആൻഡമാൻ നിക്കോബാർ സസ്യോദ്യാനം, പച്ചക്കറിത്തോട്ടം തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

കേരള സർവകലാശാല നടപ്പാക്കുന്ന ഹരിതാലയം പദ്ധതിക്ക് ബൃഹത്തായ ലക്ഷ്യങ്ങളാണുള്ളത്. കാര്യവട്ടം കാമ്പസിലെ ജൈവവൈവിധ്യം അതിന്റെ പൂർവകാല പ്രൗഡിയിൽ നിലനിർത്തുക എന്നതാണ് ഈ പദ്ധതി നടപ്പിലാക്കുന്നതു മൂലം വന്നു ചേരുന്നത്. നെൽവയലുകളും, ഫലവൃക്ഷങ്ങളും, തനതു വൃക്ഷങ്ങളും കേരളത്തിന്റെ നാടൻ മാവിനങ്ങളും, പ്ലാവും മറ്റ് ഫലവൃക്ഷങ്ങളും കൊണ്ട് കാര്യവട്ടം കാമ്പസ് ഹരിതാഭമാക്കുകയാണ്. ഇതുകൂടാതെ ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹങ്ങളിൽ നിന്നുള്ള സസ്യങ്ങളുടെ ഒരു വനവും സമീപ ഭാവിയിൽ കാമ്പസിൽ നിലയുറപ്പിക്കും. ഇതുവഴി നമുക്ക് നഷ്ടപെട്ട ജൈവ സമ്പത്തിന്റെയെല്ലാം ഒരു തിരിച്ചുവരവിന് കളമൊരുക്കുന്നുണ്ട്. പക്ഷികളും, ശലഭങ്ങളും മറ്റ് ജീവജാലങ്ങളും കൊണ്ടുള്ള ഒരു ജൈവവൈവിധ്യ ഉദ്യാനമായി കാര്യവട്ടം കാമ്പസ് മാറാൻ അധികം വർഷമൊന്നും വേണ്ടിവരില്ല. നഗരമധ്യത്തിലുള്ള ഈ പച്ചത്തുരുത്ത് കാമ്പസിലെ വിദ്യാർത്ഥികൾക്ക് മാത്രമല്ല പൊതുജനങ്ങൾക്കും സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്കും സാധാരണക്കാർക്കും കാണുവാനും പഠിക്കുവാനും ഗവേഷണം നടത്തുവാനുമുള്ള ഒരു കാമ്പസായി ഭാവിയിൽ കാര്യവട്ടം കേരള സർവകലാശാല കാമ്പസ് അറിയപ്പെടുവാൻ പോവുകയാണ്. ഇതിനോടൊപ്പം നമുക്ക് നഷ്ടപ്പെട്ട നീരുറവകളും, ചിറകളും പ്രകൃതിജന്യമായ രീതിയിൽ നമുക്ക് പുനരുജ്ജീവിപ്പിക്കുവാനും അതുവഴി സമീപ പ്രദേശങ്ങളിലെ ജലദൗർലഭ്യത്തിനും അമിതമായുണ്ടാകുന്ന അന്തരീക്ഷ മലിനീകരണത്തിനും ഒരു പരിധിവരെ ആശ്വാസകരമാകും ഈ ഹരിതകവചം.



*ഡോ. ഗംഗപ്രസാദ് ആൻഡമാൻ നിക്കോബാർ ദ്വീപ സമൂഹത്തിൽ നിന്നും കൊണ്ടുവന്ന വൃക്ഷത്തൈ നടുന്നു*

# ഹരിതാലയവും വ്യക്തിത്വ വികസനവും



**ഡോ. കെ.എസ്. ചന്ദ്രശേഖർ**
കാമ്പസ് ഡയറക്ടർ

**ഒ**രു വിദ്യാർത്ഥിയുടെ മൊത്തത്തിലുള്ള വ്യക്തിത്വം വികസിപ്പിച്ചെടുക്കുന്ന സ്ഥല മാണ് സർവകലാശാല. പ്രകൃതിയോടൊപ്പം ജീവിക്കാൻ പഠിക്കുകയും പ്രകൃതിവിഭവങ്ങളുടെ അപചയം സംരക്ഷിക്കുകയും വേണം. വ്യത്യസ്ത കുടുംബ പശ്ചാത്തലങ്ങളിൽ നിന്നുള്ള ഒരു വിദ്യാർത്ഥിക്ക് സ്വാഭാവിക വികാരത്തിന്റെ ചൈതന്യം പകരുന്നതിനുള്ള ഒരു നടപടിയാണ് ഹരിതാലയം. ഹരിതകാര്യവട്ടം ക്യാമ്പസിലേക്ക് പ്രചോദനം നൽകിയ എല്ലാവരെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

# ഹരിതാലയം "നെൽകൃഷി"



**ഡോ. കെ. രാധാമണി**
പ്രൊഫ. സസ്യശാസ്ത്ര വിഭാഗം

**കേ**രളത്തിന്റെ ഭൂപ്രകൃതിയിൽആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന പ്രധാന ഘടകങ്ങളാണ്പരന്നുകിടക്കുന്ന ജലാശയങ്ങളും ഹരിതാഭ നിറഞ്ഞ പ്രകൃതിയും. എന്നാൽ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളും വറ്റിവരളുന്ന ജലസ്രോതസ്സുകളും അന്യമായിക്കൊണ്ടിരിക്കുന്ന കൃഷിയിടങ്ങളും നമ്മുടെ നാടിന്റെ സ്വച്ഛങ്ങളായ ആവാസ വ്യവസ്ഥയ്ക്ക് മാറ്റം വരുത്തി കൊണ്ടിരിക്കുകയാണ്. അതോടൊപ്പം ലോകത്തിന് തന്നെ ഭീഷണിയായി കൊണ്ടിരിക്കുന്ന കോവിഡ്-19 എന്ന മഹാമാരിയോടും നാം പൊരുതേണ്ടതുണ്ട്. ഈയൊരു സാഹചര്യത്തിലാണ് കേരള സർക്കാരിന്റെ സുഭിക്ഷ കേരളംഎന്ന പദ്ധതിയുടെ പ്രസക്തിയേറുന്നത്. മണ്ണിനെയും മനുഷ്യരെയും കരുതലോടെ ഒന്നിപ്പിക്കുന്ന ഈ പദ്ധതിയിൽ കേരള സർവകലാശാല 'ഹരിതാലയം' എന്ന പേരിൽ ഭാഗവാക്കായിരിക്കുകയാണ്. 2020 ജൂൺ അഞ്ചാം തീയതി ആരംഭംകുറിച്ച പദ്ധതിയുടെ ഭാഗമായി ഏകദേശം 15 ഏക്കറോളം സ്ഥലത്താണ് കേരള സർവകലാശാല കൃഷി വകുപ്പുമായി ചേർന്ന് നെൽകൃഷി തുടങ്ങിയിട്ടുള്ളത്. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി മണ്ണുത്തിയിൽ വികസിപ്പിച്ചെടുത്ത 'മണിരത്ന' എന്ന നെൽ വിത്തിനം 95, 99 ദിവസത്തിനുള്ളിൽ കൊയ്ത് എടുക്കാവുന്നതാണ്. കണ്ണിനും മനസ്സിനും കുളിർമയേകി കൊയ്യാൻ പാകമായിരിക്കുന്ന നെല്ല് സെപ്റ്റംബർ മാസം എട്ടാം തീയതി കൊയ്തെടുക്കുവാൻ സർവകലാശാല തയ്യാറാവുകയാണ്. കൊയ്തെടുക്കുന്ന നെല്ല് കർഷകർക്ക് വിത്തായി കൊടുക്കുകവഴി സർവകലാശാലയ്ക്ക് സമൂഹത്തോടുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കുക കൂടിയാണ്. ക്യാമ്പസിൽ ഒരുകാലത്ത് നെൽകൃഷി ചെയ്തിരുന്ന ഈ പ്രദേശം അതിന്റെ തനത് ആവാസ വ്യവസ്ഥയെ നിലനിർത്തി കൃഷി ആരംഭിച്ചതിലൂടെ സർവകലാശാല പുതിയ തലമുറയ്ക്ക് നമ്മുടെ കാർഷിക സംസ്കാരത്തെയും ആവാസ വ്യവസ്ഥയെയും സംരക്ഷിക്കേണ്ട ആവശ്യകതകൂടിയാണ് ചൂണ്ടിക്കാണിക്കുന്നത്. അതുപോലെതന്നെ ഒരു സർകലാശാലയുടെ എല്ലാ വിഭാഗങ്ങളും ഒരുമിച്ച് കൈകോർക്കുന്ന ഒരു സംരംഭം കൂടിയാണ്.

# വാഴകൃഷി



**ഡോ. ഇ.എ. സിറിൽ**
സസ്യശാസ്ത്രവിഭാഗം



*വാഴക്കൃഷി: വിവിധ ദൃശ്യങ്ങൾ*

**ഹ**രിതാലയം പ്രോജക്റ്റിന്റെ ഭാഗമായി വിവിധ വാഴയിനങ്ങളുടെ കൃഷി കാര്യവട്ടം കാമ്പസിൽ പ്രത്യേകം കണ്ടെത്തിയ യിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. അക്ഷേഷ്യ നിർമാർജ്ജനം ചെയ്ത് ലഭ്യമാക്കിയ എൻവയോൺമെന്റൽ സയൻസ് ഡിപ്പാർട്ട്മെന്റിനു സമീപവും, ഹൈമാവതി കുളത്തിനു ചുറ്റുപാടും, ബോട്ടണി ഡിപ്പാർട്ട്മെന്റ് ഗാർഡൻ പരിസരങ്ങളിലും, എൻജിനീയറിംഗ് വിംഗ് പരിസരം, ടൈപ് A ക്വാർട്ടേഴ്സുകൾക്കു സമീപവുമായിട്ടാണ് വാഴ കൃഷി ആരംഭിച്ചിരിക്കുന്നത്. നാടൻ വാഴയിനങ്ങളായ രസകദളി (ഞാലി പൂവൻ) (500), നേന്ത്രൻ (20), ചെങ്കദളി (കപ്പ വാഴ) (10), പാളയംകോടൻ (10) എന്നിവ കൂടാതെ റോബസ്റ്റ് (10) ഇനവും ഇവിടെ കൃഷി ചെയ്യുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പാറശാലയിലെ അഗ്രി സർവ്വീസ് സെന്ററിൽ നിന്നുള്ള മികച്ചയിനം കന്നുകളാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെയും കാർഷിക കോളേജിൽ നിന്നുള്ള വിദഗ്ദരുടെയും നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പരിപാലനത്തോടെ വാഴകൃഷി കാമ്പസിൽ മുന്നേറുകയാണ്. തികച്ചും ശാസ്ത്രീയവും, ഭക്ഷ്യസുരക്ഷിത (safe to eat) രീതികളും അവലംബിക്കുന്നതിനാൽ മികച്ച വിളവു തന്നെയാണ് വാഴ കൃഷിയിൽ പ്രതീക്ഷിക്കുന്നത്. ഈ സംരംഭവും സംസ്ഥാന സർക്കാരിന്റെ സുഭിക്ഷ കേരള പദ്ധതിയിലേക്കുള്ള കേരള സർവകലാശാലയുടെ ഒരു എളിയ കാൽവെപ്പാണെന്ന് നിസ്സംശയം പറയാം.



# തെങ്ങുനടൽ പദ്ധതി

**പ്രൊഫ. (ഡോ.) സാബു ജോസഫ്**
പരിസ്ഥിതിശാസ്ത്രവിഭാഗം

**കേ**രള സർവകാശാല ഹരിതകേരളം പദ്ധതിയുടെ ഭാഗമായി സർവകലാശാലയുടെ വിശാലമായ കാര്യവട്ടം കാമ്പസിനെ ഫലസമൃദ്ധവും ഹരിതാഭകവുമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതികളിൽ ഒന്നാണ് കാമ്പസിൽ ആയിരം തെങ്ങുതൈകൾ നട്ടു നടുന്ന പദ്ധതി. ഈ പദ്ധതിയുടെ കൺവീനർ പരിസ്ഥിതി ഡിപ്പാർട്ടുമെന്റിലെ പ്രൊഫ. സാബു ജോസഫ് ആണ്. കാമ്പസിലെ അക്കാദമിക പ്രവർത്തനങ്ങൾ ഇല്ലാത്ത തുറസ്സായ ഏക്കർ കണക്കിന് സ്ഥലം പരിസ്ഥിതിക്ക് ദോഷകരമായ ചെറുതും വലുതുമായ അക്കേഷ്യ മരങ്ങളും, മുൾപ്പടർപ്പുകളും, കാടും പിടിച്ച് മനുഷ്യന് കടന്നു ചെല്ലാൻ ആവാത്തവിധം ഉപയോഗ ശൂന്യമായി കിടക്കുകയായിരുന്നു. ഇത്തരത്തിലുള്ള ഏക്കർ കണക്കിന് സ്ഥലം കാമ്പസിലെ ഹൈമാവതി കുളത്തിന്റെ പടിഞ്ഞാറ് ഭാഗത്തും, F-type ക്വാർട്ടേഴ്സിനു സമീപത്തായിട്ടും ഉണ്ട്. അവിടത്തെ മുൾക്കാടുകളും, ചെറിയ അക്കേഷ്യ മരങ്ങളും ജെസിബിയുടെ സഹായത്തോടെ നീക്കം ചെയ്ത് അവിടത്തെ പ്രകൃതിക്ക് ഒരു മാറ്റവും വരുത്താതെ 7 മീറ്റർ അകലത്തിൽ കുഴി (1x1x1m) എടുത്ത് കഴക്കൂട്ടം കൃഷിവകുപ്പിൽ നിന്നും ലഭിച്ച TxD വിഭാഗത്തിൽ പെടുന്ന ചെറിയ തെങ്ങിൻതൈകളും, അതുപോലെ ഉയരം കൂടിയ വിഭാഗത്തിൽപ്പെടുന്ന തെങ്ങിൻ തൈകളും നടുവാൻ സാധിച്ചു. ഏകദേശം 200 ഓളം തൈകൾ അവിടെ മാത്രമായി നട്ടു. ഈ തെങ്ങിൻ തൈകളുടെ ഇടയിലായി വനവകുപ്പിൽ നിന്നും ലഭിച്ച വിവിധ ഫല വൃക്ഷ തൈകളും നട്ടു.



*തിരുവനന്തപുരം കോർപറേഷൻ മേയർ ശ്രീ. കെ. ശ്രീകുമാർ തെങ്ങിൻതൈ നടുന്നു*

മേൽപ്പറഞ്ഞ പ്രദേശം കൂടാതെ ഹൈമാവതിക്കുളത്തിനു പരിസരത്തിലും, പെർഫോമിങ് ആർട്ട്സ് ഡിപ്പാർട്ട്മെന്റിന്റെ പരിസരങ്ങളിലും ഉള്ള ചെറിയ അക്കേഷ്യ നീക്കം ചെയ്ത് വലിയ രീതിയിൽ തെങ്ങിൻ തൈകൾ നടുവാൻ സാധിച്ചു. അതോടൊപ്പം വിവിധ ഡിപ്പാർട്ട്മെന്റുകളുടെ (ബോട്ടണി, അക്വാട്ടിക് ബയോളജി, എൻവിയോൺമെന്റൽ സയൻസസ്) പരിസരങ്ങളിലും, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിനു സമീപ പ്രദേശങ്ങളിലും, ടീച്ചേഴ്സ് ഹോസ്റ്റൽ, റിസർച്ച് ഹോസ്റ്റൽ എന്നിവയുടെ സമീപങ്ങളിലും തെങ്ങിൻ തൈകൾ നട്ടു. തിരുവനന്തപുരത്ത് ജൂലൈ 5 മുതൽ മൂന്നാഴ്ച നീണ്ടുനിന്ന ലോക് ഡൗണിന് രണ്ട് ദിവസം മുമ്പാണ് 1000 തെങ്ങിൻ തൈകൾ കാമ്പസിൽ കൊണ്ടുവന്നത്. ആയതിനാൽ തൈകൾ ഉണങ്ങി പോകാതിരിക്കാൻ ലോക് ഡൗൺ സമയത്ത് തന്നെ കോവിഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തൈകൾ നടേണ്ടി വന്നു. സർവകാശാലയിൽ നടക്കുന്ന മറ്റു ഹരിതപദ്ധതികളോട് ചേർത്ത് വെച്ചുകൊണ്ട് ഈ തെങ്ങിൻ തോപ്പുകളും അതിന്റെ ഇടവിള ആയിട്ടുള്ള ഫലവൃക്ഷങ്ങളും ഒരു നല്ല ജൈവ വൈവിധ്യം കാമ്പസിൽ പ്രദാനം ചെയ്യുകയും, കാമ്പസിനെ കൂടുതൽ പ്രകൃതി രമണീയവും ഫല സമ്പുഷ്ടമാക്കുകയും ചെയ്യും. കൂടാതെ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ചെയ്യുന്ന ഈ പദ്ധതി കേരളത്തിന്റെ കാർഷിക മേഖലക്ക് ഉണർവേകുന്നതാണ്. ഈ പദ്ധതികൾ എല്ലാം ചേർന്ന് കാമ്പസിനെ ഒരു മോഡൽ ജൈവ പരിപാലന കേന്ദ്രമാക്കി മാറ്റുകയും അത് ഇവിടത്തെ വിദ്യാർത്ഥികൾക്കും പുറമെ നിന്ന് വരുന്നവർക്കും ഈ കാമ്പസിലെ ഒരു 'Walking Tour' ലൂടെ ഹൃദ്യവും, അനുകരണീയമായ പദ്ധതി ആയി മാറ്റാൻ സാധിക്കും.

# കാർഷിക ഫെല്ലോഷിപ്പ്

**ഡോ. സ്വപ്ന ടി.എസ്.**
പ്രൊഫസർ & ഹെഡ്, സസ്യശാസ്ത്രവിഭാഗം



**കോ**വിഡ് എന്ന മഹാവ്യാധിയാൽ ലോക്ക്ഡൗൺ സൃഷ്ടിച്ച പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷയെന്നത് ഒരു ചോദ്യചിഹ്നമായി മാറിയ സാഹചര്യത്തിലാണ് കാർഷികോൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിലേക്ക് കേരളസർവകലാശാലയും തിരിഞ്ഞത്. കാർഷിക സ്വയംപര്യാപ്തതയ്ക്ക് കരുത്തും കരുതലുമേകാൻ 'സുഭിക്ഷകേരളംപദ്ധതി'ക്കൊപ്പം കൃഷിയിൽ താൽപ്പര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കാർഷികഫെല്ലോഷിപ്പ് നൽകാൻ സർവകലാശാല തീരുമാനിച്ചിരിക്കുകയാണ്. ഇത്തരത്തിൽ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതു വഴി നഷ്ടപ്പെട്ടു പോയ കാർഷികസംസ്കാരം വീണ്ടെടുക്കാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് കേരള സർവകലാശാലാക്യാമ്പസ്. ഇതിനോടൊപ്പം ജൈവവൈവിധ്യസംരക്ഷണം ലക്ഷ്യമാക്കി സസ്യസമ്പത്തിനെ വർദ്ധിപ്പിക്കുന്ന പദ്ധതിയും സർവകലാശാല നടപ്പിലാക്കുന്നുണ്ട്. കൂടാതെ ജൈവവൈവിധ്യസ്രോതസ്സിനെ വിപുലമാക്കുന്നതുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും സർവകലാശാലയിലെ തന്നെ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഗവേഷണപഠനപ്രവർത്തിയിൽ ഉൾപ്പെടുത്തി പുത്തൻ ആശയങ്ങൾക്ക് മുൻതൂക്കം നൽകി പ്രാവർത്തികമാക്കാൻ ഒരുക്കം തുടങ്ങിയിരിക്കുന്നു. കാർഷികഫെല്ലോഷിപ്പ് ഏർപ്പെടുത്തിയ ഇന്ത്യയിലെ ഒരേ ഒരു സർവകലാശാല കേരളത്തിന്റെ മാതൃസർവകലാശാലയായ കേരള സർവകലാശാലയാണ് എന്നതും വളരെയധികം അഭിമാനത്തോടെ എടുത്ത് പറയാവുന്ന ഒരു കാര്യമാണ്. കാര്യവട്ടംക്യാമ്പസിലെ അഞ്ചേക്കറോളം വരുന്നയിടത്തു പച്ചക്കറിക്കൃഷിയും 15 ഏക്കറോളം നെൽകൃഷിയും തെങ്ങ്, വാഴ, മറ്റു ഫലവൃക്ഷങ്ങൾ എന്നിവയുടെ കൃഷിയും ആരംഭിച്ചിരിക്കുകയാണ്. ഇങ്ങനെയെല്ലാം നമുക്ക് കാർഷികമേഖലയ്ക്ക് സംഭവിച്ച നഷ്ടത്തെ ഒരു പരിധിവരെ തിരിച്ചുപിടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കാം. കാർഷികഫെല്ലോഷിപ്പ് കർഷകദിനമായ ഓഗസ്റ്റ് 17-ന് (ചിങ്ങം,ഒന്ന്) ബഹുമാനപ്പെട്ട കേരളസർവകലാശാല വൈസ് ചാൻസലർ ഡോ.വി.പി മഹാദേവൻ പിള്ള കാര്യവട്ടംക്യാമ്പസിലെ ബോട്ടണിവിഭാഗത്തിൽ കറിവേപ്പിൻ തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന്, വിദ്യാർത്ഥികൾ പച്ചക്കറിവിത്തുകളും തൈകളും നടുകയുണ്ടായി. തത്സമയം പ്രോ-വൈസ് ചാൻസലർ ഡോ. പി.പി.അജയകുമാർ, രജിസ്ട്രാർ സി.ആർ.പ്രസാദ് സിൻഡിക്കേറ്റംഗങ്ങളായ ഡോ. നസീബ്, ശ്രീ.ജെ. ജയരാജ്, ഡോ. എം. വിജയൻപിള്ള, ശ്രീ ആർ. അരുൺകുമാർ, ശ്രീ ബി.പി. മുരളി, ശ്രീ.ജി. ബിജുകുമാർ, അഡ്വ. ജി.മുരളീധരൻ പിള്ള, അഡ്വ. ബി.ബാലചന്ദ്രൻ, അഡ്വ. എ. അജികുമാർ എന്നിവരും വിവിധ ഡിപ്പാർട്ട്മെന്റുകളിലെഅദ്ധ്യാപകരും, ഓഫീസ് സ്റ്റാഫ് അംഗങ്ങളും വിദ്യാർത്ഥികളും സന്നിദ്ധരായിരുന്നു.



# പച്ചക്കറി– കിഴങ്ങുവിളക്കൃഷി

**ഡോ. സുഹറാ ബീവി എസ്.**
പ്രൊഫസർ, സസ്യശാസ്ത്രവിഭാഗം

**കേ**രളസംസ്ഥാനസർക്കാർ നടപ്പിലാക്കുന്ന സുഭിക്ഷകേരളംപദ്ധതിയുടെ ഭാഗമായി കേരളസർവകലാശാലയുടെ കാര്യവട്ടംക്യാമ്പസിൽ ആരംഭിച്ച ഹരിതാലയം പദ്ധതി 2020 ജൂൺ അഞ്ചാം തീയതി വെള്ളിയാഴ്ച ബഹുമാന്യനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി കാര്യവട്ടം ക്യാമ്പസിലെ ബോട്ടണിവിഭാഗത്തിൽ കൃഷിവകുപ്പിന്റെ സഹകരണത്തോടുകൂടി പച്ചക്കറിക്കൃഷി നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനം ബഹു. വനംവന്യജീവിവകുപ്പ് മന്ത്രി ശ്രീ.കെ. രാജു നിർവഹിച്ചു. കൃഷിവകുപ്പിന് അനുവദിച്ച അഞ്ചേക്കർ പച്ചക്കറിക്കൃഷിക്ക് ആവശ്യമായ സ്ഥലത്തെ അക്കേഷ്യമരങ്ങൾ മാറ്റി നിലമൊരുക്കൽ നടന്നുവരുന്നു. ഇതുകൂടാതെബോട്ടണിവിഭാഗത്തിലും പച്ചക്കറി-കിഴങ്ങ്വിളക്കൃഷിആരംഭിച്ചു.

ബോട്ടണിവിഭാഗത്തിൽ നടപ്പിലാക്കിയ രണ്ട് പദ്ധതി പ്രദേശങ്ങളിൽ ഇടവിളയായാണ് പച്ചക്കറി കിഴങ്ങ് വിളകൾ കൃഷി ചെയ്തിരിക്കുന്നത്. കപ്പയും മധുരക്കിഴങ്ങും ചേമ്പും തക്കാളിയും വഴുതനയും മുളകും പയറും പാവലും എല്ലാം കൃഷി ചെയ്തിട്ടുണ്ട്. ഇതിൽതന്നെ ആൻഡമാൻ നിക്കോബാർ സസ്യഉദ്യാനത്തിൽ നിന്നുള്ളപയറിന്റെ ആദ്യ വിളവെടുപ്പ് ഓഗസ്റ്റ് 20ന് ബഹു.വൈസ് ചാൻസിലർ ഡോ.വി.പി മഹാദേവൻപിള്ള സിൻഡിക്കേറ്റ് അംഗങ്ങളുടേയും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടേയും വിദ്യാർത്ഥികളുടേയും സാന്നിധ്യത്തിൽ നിർവഹിച്ചു. വെള്ളരിയും മുളകും തക്കാളിയും വെണ്ടയും വിളവെടുപ്പിന് തയ്യാറായി നിൽക്കുന്നു. മേൽപ്പറഞ്ഞ വിളകൾ കൂടാതെ കൂർക്കയും കോവലും ചെറിയതോതിൽ ഇവിടെ കൃഷി ചെയ്തിരിക്കുന്നു. ഇതുകൂടാതെ ബയോഡൈവേഴ്സിറ്റി ബോർഡിന്റെ സഹകരണത്തോടുകൂടി ആവിഷ്കരിച്ച പദ്ധതിയുടെ പ്രദേശത്ത് അതിരുകളിൽ വാഴയും കറിവേപ്പും അഗസ്ത്യചീരയും നടുവാനും വരുംദിവസങ്ങളിൽ തരിശുകിടക്കുന്ന മറ്റു സ്ഥലങ്ങളിൽ കൂടെ കൃഷി വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്.

*വനം വകുപ്പ് മന്ത്രി ശ്രീ. കെ. രാജു പച്ചക്കറിത്തൈ നടുന്നു*



# ആൻഡമാൻ നിക്കോബാർ സസ്യോദ്യാനം

**ഡോ. എ. ഗംഗാപ്രസാദ്**
പ്രൊഫസർ, സസ്യശാസ്ത്രവിഭാഗം

**കേ**രളത്തിലെ പശ്ചിമഘട്ടമലനിരകളിലെ കാലാവസ്ഥയ്ക്ക് സമാനമായ കാലാവസ്ഥയുള്ള ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹത്തിലെ വംശനാശഭീഷണി നേരിടുന്നവയും ഔഷധ വാണിജ്യപ്രാധാന്യമുള്ളയുമായ സസ്യങ്ങളുടെ ഫീൽഡ് ജീൻ ബാങ്ക് കാര്യവട്ടം ക്യാമ്പസിൽ ജൈവവൈവിധ്യ സംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് ബഹു. സഹകരണദേവസ്വം വകുപ്പ് മന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. വൃക്ഷത്തൈയുടെ നടീൽ ബഹുമാന്യനായ കൃഷി വകുപ്പ്



*സിണ്ടിക്കേറ്റംഗം പ്രൊഫ. കെ. ലളിത വൃക്ഷത്തൈ നടുന്നു*

മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ആൻഡമാൻ റെഡ്‌വുഡ് എന്നും ഈസ്റ്റ് ഇന്ത്യൻ മഹാഗണി എന്നും അറിയപ്പെടുന്ന ആൻഡമാൻ പഡോക്ക് നട്ടുകൊണ്ട് നിർവഹിച്ചു. 50 മീറ്ററിൽ പരം പൊക്കം വയ്ക്കുന്ന ഒരു വൻ വൃക്ഷമാണിത്. ഇതുകൂടാതെ മാർബിൾ വുഡ്, കാട്ടു വേപ്പ്, ജാതി ചെടിയുടെ വന്യ വർഗ്ഗങ്ങൾ, ലോകത്തിൽ കാണപ്പെടുന്ന ഏറ്റവും വലിയ ചൂരൽ, ഈറ, കുടംപുളി, കുരുമുളക്, വെറ്റില, തിപ്പലി, വാനില തുടങ്ങിയവയുടെ വന്യ വർഗ്ഗങ്ങൾ, പലതരം വള്ളിച്ചെടികൾ ഭക്ഷ്യയോഗ്യമായ പണ്ടാനാസ് തുടങ്ങിയ ഒട്ടനവധി ഔഷധ അലങ്കാര ആദിവാസി ഭക്ഷ്യ സസ്യങ്ങളുടെ ഉദ്യാനം ആണിത്. ഇവയിൽ പലതിന്റെയും മൂല്യം ശാസ്ത്രലോകം ഇതുവരെ തിരിച്ചറിഞ്ഞിട്ടുള്ളവയല്ല. ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഒരു സർവകലാശാല ക്യാംപസിൽ ആൻഡമാൻ നിക്കോബാർ ദ്വീപ സമൂഹത്തിലെ സസ്യങ്ങൾക്ക് ഒരു കൺസർവേറ്ററി പ്രാവർത്തികമാകുന്നത്

# തേക്കുനടൽ പദ്ധതി

**പ്രൊഫ. ശാലോം ജ്ഞാന തങ്ക**
പ്രൊഫസ്സർ & ഹെഡ്, പരിസ്ഥിതി ശാസ്ത്ര വകുപ്പ്





*ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. കെ.എച്ച്. ബാബുജാൻ വൃക്ഷത്തൈ നടന്നു*

**തേ**ക്ക് (*Tectonia grandis*; Family Lamiaceae)വളരെയധികം വാണിജ്യമൂല്യമുള്ള സ്വദേശി വൃക്ഷമാണ്. എല്ലാ കാലാവസ്ഥയെയും ചെറുക്കാനും കുറഞ്ഞ പരിചരണം മാത്രവും ആവശ്യമുള്ള തേക്കിനെ രോഗബാധകൾ വന്നുഭവിക്കാറില്ല എന്നു തന്നെ പറയാം. പൂപ്പലോ പായലോ മറ്റ് തരത്തിലുള്ള കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യത തേക്കിൻ തടികൾക്ക് തീരെ കുറവായതിനാൽ ഈടുറ്റ തടികളായി അവ നിലനിൽക്കും. ഹരിതാലയം പദ്ധതിയുടെ ഭാഗമായി കാര്യവട്ടം കാമ്പസിൽ 1495 തേക്കിൻ തൈകളാണ് സോഷ്യൽ ഫോറസ്റ്ററി ഡിപ്പാർട്ട്മെന്റ് നട്ടുപിടിപ്പിച്ചിട്ടുള്ളത്. അതിൽ 120 തൈകൾ ടെക്നോപാർക്കിനോടനുബന്ധിച്ച് തേക്കിൻ തോട്ടമായി തന്നെ മാറ്റുന്നതിനായി നട്ടിട്ടുള്ളതാണ്. 30 തൈകൾ ഹൈമവതികുളത്തിനു ചുറ്റും ബാക്കിയുള്ളവ പെർഫോർമിംഗ് ആർട്സ് വിഭാഗത്തിന്റേയും സർവകലാശാല ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾക്കിടയിൽ ഒരു ജൈവമതിൽ തീർക്കുന്നതിനാണ് നട്ടിട്ടുള്ളത്. തേക്കിൻ തൈകളുടെ രണ്ടാം ഘട്ടം നടീൽ അടുത്ത ലോക പരിസ്ഥിതി ദിനത്തിൽ നടത്തുന്നതായിരിക്കും. 1000 തൈകൾ അന്ന് നടുന്നതിന് നൽകാമെന്നാണ് വനം വകുപ്പ് ഉറപ്പ് നൽകിയിരിക്കുന്നത്.

---

# ഹരിതാലയം പദ്ധതിയും മത്സ്യക്കൃഷിയും

**ഡോ. പ്രമോദ് കിരൺ ആർ.ബി.**
അസിസ്റ്റന്റ് പ്രൊഫസർ, അക്വാട്ടിക് ബയോളജി





*കൃഷിവകുപ്പുമന്ത്രി അഡ്വ. വി.എസ്. സുനിൽ കുമാർ മത്സ്യകൃഷിയുടെ ഉദ്ഘാടനം നിർവഹിക്കുന്നു*

**സം**സ്ഥാന കൃഷിവകുപ്പ് മന്ത്രി അഡ്വ.വി.എസ് സുനിൽകുമാർ അനബാസ് (കൈതക്കോര) കുഞ്ഞുങ്ങളെ നഴ്സറി ടാങ്കുകളിൽ നിക്ഷേപിച്ചുകൊണ്ടാണ് ഹരിതാലയം പദ്ധതിയുടെ ഭാഗമായുള്ള മത്സ്യകൃഷിയ്ക്ക് തുടക്കം കുറിച്ചത്. സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മത്സ്യകർഷക സേനാംഗങ്ങളുടെ സേവനം ഉപയോഗിച്ച് ഹൈമവതി കുളം മത്സ്യകൃഷിക്ക് യോഗ്യമാക്കി മാറ്റുകയും അതിൽ നഴ്സറി കൂടുകൾ സ്ഥാപിച്ച് ചിത്രലട, ഗിഫ്റ്റ്, എം.എസ്.ടി ഇനങ്ങളിലെ തിലാപ്പിയ കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തു. കൂടുകളിൽ ഒരു മാസത്തെ വളർച്ച പൂർത്തിയാക്കിയ കുറച്ചു കുഞ്ഞുങ്ങളെ നെൽവയലിനും സമീപമുള്ള കുളത്തിലേക്ക് മാറ്റി വളർത്തുകയാണ്. വരും മാസങ്ങളിൽ ഫിഷറീസ് വകുപ്പിൽ നിന്നും കൂടുതൽ മത്സ്യവിത്തുകൾ ലഭ്യമാക്കുമെന്നുറപ്പ് തന്നിട്ടുണ്ട്. അല്ലത വളരെ ഉയർന്നു നിൽക്കുന്ന ഈ ജലസ്രോതസിനെ മത്സ്യവളർച്ചക്ക് അനുകൂലമാക്കുന്ന ദീർഘകാല പ്രവർത്തനങ്ങൾക്കു കൂടിയാണ് നമ്മൾ തുടക്കം കുറിച്ചത്. ഹൈമവതിയിൽ സുലഭമായുള്ള ആമകളും തവളകളും വരാലുകളും മത്സ്യകുഞ്ഞുങ്ങൾക്ക് കുറച്ച് ഭീഷണിയും ഉയർത്തുന്നുണ്ട്. നെൽപ്പാടങ്ങളോട് ചേർന്ന് സ്ഥിതിചെയ്യുന്ന രണ്ട് കുളങ്ങളും മത്സ്യകൃഷിക്കായി സജ്ജമാക്കികഴിഞ്ഞിട്ടുണ്ട്. ഹൈമവതി കുളം സർവകലാശാല കാമ്പസിന്റെ പ്രകൃതിസൗഹൃദ അനുഭവമാക്കാനാകുന്ന തരത്തിൽ മത്സ്യകൃഷിക്കൊപ്പം ചുറ്റും തണൽ വൃക്ഷങ്ങളായി ആര്യവേപ്പും കണിക്കൊന്നയും നട്ടുപിടിപ്പിച്ചുകൊണ്ടിരിക്കുന്നതും കുളക്കരയിൽ അക്വാട്ടിക് ബയോളജി വിദ്യാർത്ഥികൾക്ക് പഠന ഗവേഷണം നടത്താനാകുന്ന തരത്തിൽ തയ്യാറാക്കുന്ന ഹരിതപാഠശാലയും വേറിട്ട അനുഭവങ്ങളാകുമെന്ന കാര്യത്തിൽ സംശയമില്ല.

# ഫലവൃക്ഷ ഉദ്യാനം

**ഡോ. ഷിബുരാജ് എസ്**
പ്രൊഫ. സസ്യശാസ്ത്രവിഭാഗം



**ആ**രംഭകാലത്തിൽകാര്യവട്ടം ക്യാമ്പസ്സിൽ ധാരാളം ഫലവൃക്ഷങ്ങൾ ഉണ്ടായിരുന്നു. എന്നാൽ 1970 കളോടെ കാമ്പസ്സിൽ ഉണ്ടായിരുന്ന ഫലവൃക്ഷങ്ങൾ പലപ്പോഴും പുറമെയുള്ളവരുടെ ഇടപെടലിനാലും, കാലി മേച്ചിൽ കൊണ്ടും ഇല്ലാതായി (ചുറ്റുമതിൽ ഇല്ലാതിരുന്ന) 1980 കളുടെ തുടക്കത്തിൽ ലോകബാങ്കിന്റെ കേരള ഫോറസ്ട്രി പ്രോഗ്രാമിൽ ഉൾപ്പെടുത്തി അക്കേഷ്യ (Acacia auriculiformis) മരം നട്ടു. പിൽക്കാലത്ത് കാമ്പസ് അടക്കി വാഴുന്ന ഒരു മരം ആയി അക്കേഷ്യ മാറി എന്ന് മാത്രമല്ല, മറ്റു തദ്ദേശീയ ജൈവജാതികളുടെ നിലനിൽപ്പിന് അത് വിലങ്ങുതടി ആകുകയും ചെയ്തു.

എന്തൊക്കെയാണ് അക്കേഷ്യ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ എന്നു കൂടി നാം അറിയണം.

(1) 10-15 മീറ്റർ ആഴത്തിൽ പോകുന്ന ഇവയുടെ വേരുകൾ വെള്ളം വലിച്ചെടുക്കുന്നതുകൊണ്ടും, എളുപ്പത്തിൽ സ്വേദനം വഴി പുറത്തുകളയുന്നതുകൊണ്ടും അനിയന്ത്രിതമായ ജലക്ഷാമം ഉണ്ടാക്കുന്നു. സമീപത്തെ വീടുകളിലെ കിണറുകൾ വരൾച്ച സമയത്ത് പെട്ടെന്ന് വറ്റിപ്പോകുന്നതിനും ഇത് കാരണമാകുന്നു.

(2) പൂമ്പൊടി ഉണ്ടാക്കുന്ന അലർജി ഉൾപ്പടെയുള്ള ആരോഗ്യപ്രശ്നങ്ങൾ; പനി, വിട്ടുമാറാത്ത ചുമ, ശ്വാസംമുട്ടൽ, തുമ്മൽ എന്നിവയാണ് ഇതുമൂലമുള്ള അസ്വസ്ഥതകൾ. പൂക്കുന്ന സമയത്ത് മരത്തിൽ നിന്നു പൂക്കളും, പൂമ്പൊടിയും കാറ്റിൽ പറന്നു നടക്കുന്നത് പതിവാണ്. ഇതു കാരണം കൊച്ചുകുട്ടികൾക്കു പോലും രോഗങ്ങൾ പതിവാകുന്നു.

(3) അക്കേഷ്യയുടെ ഇലകൾ താഴെ വീഴുമ്പോൾ മണ്ണിൽ ഉണ്ടാകുന്ന രാസമാറ്റം (alleopathic impacts) മണ്ണിന്റെ ഊർവ്വരത നശിപ്പിക്കുന്നുവെന്നു മാത്രമല്ല മണ്ണിന്റെ ജൈവഘടനയിലും വരുത്തുന്ന മാറ്റങ്ങൾ കൊണ്ട് അടിക്കാടുകളുടെയും മറ്റുസസ്യങ്ങളുടെയും വളർച്ച ഇല്ലാതാകുന്നു.

(4) അക്കേഷ്യ പോലെ പെട്ടെന്നു വളരുന്നതും അധികം സൂര്യപ്രകാശം താഴേക്ക് കടത്തി വിടാത്തതുമായ വൃക്ഷങ്ങൾ ആയതിനാൽ ഒപ്പം വളരുന്ന പുല്ലിനങ്ങളുടെ ഉൽപ്പാദനക്ഷമത ഗണ്യമായി കുറയ്ക്കുന്നു.

കഴിഞ്ഞ അഞ്ചുവർഷങ്ങളായി സർവകലാശാല വനംവകുപ്പുമായി (Depatment of Forests, Govt.of Kerala) നടത്തുന്ന ചർച്ചകളുടെ ഭാഗമായാണ് വനം വകുപ്പിന്റെ തന്നെ നേതൃത്വത്തിൽ അക്കേഷ്യ ഘട്ടംഘട്ടമായി നീക്കം ചെയ്യാനും പ്രസ്തുത സ്ഥലത്തു ഫലവൃക്ഷങ്ങൾ ഉൾപ്പെടെ തദ്ദേശീയ മരങ്ങളും സസ്യങ്ങളും വച്ചുപിടിപ്പിക്കാനും തീരുമാനിച്ചത്. ഭാവിയിലെ സുസ്ഥിരമായ പാരിസ്ഥിതിക സേവനങ്ങൾ ലഭ്യമാവുന്ന വിധത്തിൽ, 300 ഏക്കർ സ്ഥലത്തു ഘട്ടം ഘട്ട മായി ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാരിസ്ഥിക ആഘാതം കുറയ്ക്കേണ്ടത് എന്ന് വ്യക്തമായി മനസിലാക്കിയിട്ടാണെന്ന് ഇത്തരത്തിൽ കാര്യങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്.




*1970-കളിലെ കാര്യവട്ടം ക്യാമ്പസ്, ബോട്ടണി വകുപ്പ് ബിൽഡിങ്ങിൽ നിന്നുള്ള ദൃശ്യം*



*വനം വകുപ്പ് മന്ത്രി തെങ്ങിൻതൈ നടുന്നു*

സംസ്ഥാന വനം വന്യ ജീവി ഡിപ്പാർട്ട്മെന്റിനു കീഴിൽ വരുന്ന സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഈ പദ്ധതിയുടെ നടത്തിപ്പ്. ആദ്യ ഘട്ടത്തിൽ (2020-21) 25 ഏക്കറോളം വരുന്ന ഭൂമി അക്കേഷ്യ മാറ്റി (മറ്റു വൃക്ഷങ്ങൾ നിലനിർത്തി കൊണ്ട്) തയ്യാറാക്കി. സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, സാക്ഷ്യപ്പെടുത്തിയ കരാറുകൾ വഴി 21.07.2020 ൽ ഫലവൃക്ഷ തൈകൾ നടുവാനും, ചെടികളുടെ തുടർ പരിപാലനവും (3 വർഷത്തേക്ക്) ആരംഭിച്ചു. 11 ഹെക്ടറിൽ 16,495 ചെടികൾ നട്ടു. പട്ടിക ചുവടെ കാണിച്ചിരിക്കുന്നു.

| Sl. No. | Plant | Number Planted |
|---|---|---|
| 1 | പ്ലാവ് | 1,040 |
| 2 | ഞാവൽ | 1,200 |
| 3 | പേര | 1,600 |
| 4 | നെല്ലി | 1,000 |
| 5 | മഹാഗണി | 1,700 |
| 6 | ഈട്ടി | 1,110 |
| 7 | അശോകം | 260 |
| 8 | വേപ്പ് | 2.100 |
| 9 | മാതളം | 990 |
| 10 | ഇലഞ്ഞി | 1,500 |
| 11 | പുളി | 1,000 |
| 12 | കണിക്കൊന്ന | 740 |
| 13 | ലക്ഷ്മിതരു | 315 |
| 14 | കമ്പകം | 1,520 |
| 15 | നീർമരുത് | 300 |
| 16 | തേക്ക് | 120 |
| Total No. | | **16,495** |



# എന്തുകൊണ്ട് ഹരിതാലയം?

**ഡോ. എ. ബിജുകുമാർ**
പ്രൊഫസ്സർ & ഹെഡ്, അക്വാട്ടിക്ബയോളജിവിഭാഗം

**● ക്യാമ്പസിലെ ചതുപ്പുകൾ മാറ്റി വയൽ ആക്കി മാറ്റുന്നത് സ്വാഭാവികപരിസ്ഥിതിയെ ബാധിക്കും എന്ന ആരോപണം**

ഇന്ന് കാര്യവട്ടംക്യാമ്പസ് നിലനിൽക്കുന്ന സ്ഥലം സർവകലാശാല സ്ഥാപിക്കുന്നതിന് മുമ്പ് പ്രധാനമായും സ്വകാര്യ ഉടമസ്ഥതയിലുള്ള ചെറു തോട്ടങ്ങൾ ആയിരുന്നു. പ്രധാനമായും ഫലവൃക്ഷങ്ങളും കുറച്ചു നെൽകൃഷിയും ആണ് ഈ പ്രദേശത്തു നിലനിന്നിരുന്നത്. കാമ്പസിന്റെ കിഴക്കു ഭാഗത്തു കാണുന്ന കാവുകൾ ഇവിടെ പ്രാദേശിക സമൂഹങ്ങൾ താമസിച്ചിരുന്നു എന്നതിനുള്ള തെളിവ് ആണ്. കൃഷിയുടെ തോത് കുറവായിരുന്നതിനാൽ തന്നെ സ്വാഭാവിക സസ്യങ്ങൾ ഈ മേഖലയിൽ സമൃദ്ധമായി വളരാൻ തുടങ്ങി, അതിൽ നാട്ടിൽ സാധാരണ കാണുന്ന നിരവധി ഔഷധ സസ്യങ്ങളും ഈ പ്രദേശങ്ങളിൽ നിന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. മൊത്തം കാമ്പസ്, ഇപ്പോൾ ടെക്നോപാർക്ക് നിൽക്കുന്ന സ്ഥലം അടക്കം, നിരവധി ചെറിയ കുന്നുകൾ അടങ്ങിയ നീർത്തട പ്രദേശങ്ങൾ ആണ്, അതുകൊണ്ടുതന്നെ അവിടെ തെക്കൻ ചരിവിലേക്കും വടക്കൻ ചരിവിലേക്കും ഒഴുകിപ്പോകുന്ന നീർച്ചാലുകളും ഏതാനും ചിറകളും കാണാൻ കഴിയും.

ക്യാമ്പസിന് കുറുകെ വന്ന നാഷണൽ ഹൈവേ ഭൂപ്രകൃതിയെ ചെറിയ ഒരു കിഴക്കൻ ഭാഗമായും വലിയ ഒരു പടിഞ്ഞാറൻ ഭാഗമായും വിഭജിച്ചു. ഇത് തുടക്കത്തിൽ നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്കിനെ കാര്യമായി തടസപ്പെടുത്തി. ഇരുഭാഗങ്ങളിലും നിറയെ കെട്ടിടങ്ങളും സ്റ്റേഡിയവും ടെക്നോപാർക്കും കൂടി ആയപ്പോൾ സ്വാഭാവികമായും പല പ്രകൃതിദത്തനീരുറവകളും അടഞ്ഞുപോവുകയും പല ചിറകൾ ഇല്ലാതാവുകയും ചെയ്തു. പരിസ്ഥിതിസംരക്ഷണത്തിനായി ഇനി ചെയ്യാനാവുന്നത് വെള്ളം ഭൂമിയിൽ ഇറങ്ങി വരാനുള്ള സാഹചര്യംഈ നീർത്തടത്തിൽ ബോധപൂർവം സൃഷ്ടിക്കുക എന്നതാണ്. ബാക്കിയുള്ള പ്രദേശങ്ങളിൽ നാടൻമരങ്ങളും ചെടികളും വച്ചുപിടിപ്പിച്ചും നീർച്ചാലുകൾക്ക് ഒഴുകാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയും മഴവെള്ള സംഭരണസംവിധാനങ്ങൾ ഉണ്ടാക്കിയും നമുക്ക് ഇത് നടപ്പിലാക്കാൻ കഴിയും. സർവകലാശാലാക്യാമ്പസിന്റെ തെക്കും വടക്കും ഭാഗങ്ങളിൽ നിലവിൽ രണ്ടുലക്ഷം മുതൽ അഞ്ചുലക്ഷം വരെ ലിറ്റർ സംഭരണശേഷിയുള്ള രണ്ട് റീചാർജ് കിണറുകൾ കഴിഞ്ഞ വർഷങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. ഇത് അക്കേഷ്യ സൃഷ്ടിച്ചിരിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിച്ചുവെന്നുമാത്രമല്ല ഭൂഗർഭജലത്തിന്റെ റീചാർജിനുള്ള ഒരു സ്രോതസ്സായും മാറിയിട്ടുണ്ട്.

നശിപ്പിച്ചുവെന്നു വിമർശകർ പറയുന്ന 'ചതുപ്പ്' മുൻ കാലങ്ങളിൽ നെൽകൃഷി ചെയ്തിരുന്ന പ്രദേശം ആയിരുന്നു. ചുറ്റും താമസമുള്ള മുതിർന്ന വ്യക്തികളോട് സംസാരിച്ചാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാകും. കഴിഞ്ഞ ഏതാനും ദശകങ്ങൾ നെൽകൃഷി ഇല്ലാതെ കഴിഞ്ഞപ്പോൾ പ്രസ്തുത പ്രദേശം ചതുപ്പ് ആയി മാറിയതാണ്. കൃഷി സംബന്ധിച്ച രേഖകൾ പഞ്ചായത്തിലും കൃഷിവകുപ്പിലും ലഭ്യമാണ്. സർവകലാശാല നടപ്പിലാക്കിയ 'ഹരിതാലയം' പദ്ധതിക്ക് കൃഷി വീണ്ടെടുക്കുക, കുട്ടികൾക്ക് കൃഷിയിൽ താല്പര്യമുണ്ടാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക എന്നീ ബൃഹത്തായ ലക്ഷ്യങ്ങൾ ഉണ്ട്. വിമർശനത്തിന് നേതൃത്വം നൽകുന്നവർ തന്നെ തിരുവനന്തപുരത്തെ വിവിധഭാഗങ്ങളിൽ നടന്ന പാടംനികത്തലിനെതിരെ പ്രവർത്തിച്ചിട്ടുള്ളതാണ്. 'ഹരിതാലയം' പ്രവർത്തനത്തിലൂടെ കൃഷി വീണ്ടെടുക്കുകയും അതുവഴി സർക്കാരിന്റെ ഭക്ഷ്യസുരക്ഷാപദ്ധതിയിൽ ഭാഗമാകുകയും ചെയ്യുക എന്ന പ്രധാനലക്ഷ്യം സർവകലാശാലയ്ക്ക് ഉണ്ട് എന്ന കാര്യവും വിസ്മരിച്ചുകൂടാ. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ഒരുവ്യക്തിക്കും പരിസ്ഥിതിനശീകരണം എന്നൊരു അജണ്ട ഉള്ളതായും മനസ്സിലായിട്ടില്ല.

ഒരു പ്രത്യേക പരാതി ഉന്നയിക്കുന്നതിനു മുന്നോടിയായി പ്രസ്തുത പ്രദേശത്തിന്റെ ചരിത്രവും പാരിസ്ഥിതിക സവിശേഷതകളും ഉൾക്കൊള്ളേണ്ടതുണ്ട്. അതിന് ഉദ്ധരണികൾ മാത്രം പോരാതെ വരും. കൂടാതെ കൃഷി നടപ്പിലായ ശേഷം നീർത്തടത്തിലെ നീർച്ചാലിനുണ്ടായിരുന്ന തടസ്സം നീക്കം ചെയ്യുകയും നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കൃഷിവകുപ്പാണ് നേരിട്ട് ഈ പദ്ധതി നടപ്പിലാക്കുന്നത്. ക്യാമ്പസിലെ പച്ചക്കറിക്കൃഷി കുട്ടികളെകൂടെ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ഇതൊക്കെ താൽക്കാലികമല്ലാത്ത, എന്നാൽ ഒരു എക്കോളജിക്കൽ സിവിലൈസേഷൻ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമങ്ങളുടെയും കൂടി ഭാഗമാണ്.

ഹൈമാവതിക്കുളത്തിന്റെ കാര്യവും വിമർശിക്കപ്പെട്ടല്ലോ. അത് സർക്കാർ ഏജൻസിയുടെ സഹായത്തോടെ പുനരുദ്ധരിച്ചതാണ്. വിസ്തൃതിയിൽ കുറവുണ്ടായിട്ടില്ല. എന്നാൽ കരിങ്കൽഭിത്തി മാത്രം കെട്ടി നൈസർഗ്ഗിക കുളങ്ങളെ സംരക്ഷിക്കുന്ന രീതി മാറേണ്ടതുതന്നെയാണ്. ഇത് കുളങ്ങളുടെ പാരിസ്ഥിതിക സേവനങ്ങൾക്ക് സാരമായ കുറവ് ഉണ്ടാക്കുന്നുണ്ട്. കേരളത്തിലെ കുളം നവീകരണ പരിപാടി അടിയന്തരമായി ജൈവവൈവിധ്യ സംരക്ഷണത്തിലൂന്നിയ നൈസർഗ്ഗിക രീതിയിൽ മാറേണ്ടതുണ്ട്.



**● അക്കേഷ്യ മാറ്റുന്ന പ്രക്രിയ**

ആദ്യമായാണ് പരിസ്ഥിതിയെപ്പറ്റി വാദിക്കുന്ന വ്യക്തികളും സംഘടനകളും അക്കേഷ്യ എന്ന അതിഭീകരമായ പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മരങ്ങൾ നീക്കം ചെയ്ത് നാട്ടുമരങ്ങൾ വയ്ക്കുന്നതിനെതിരെ പരാതി അയക്കുന്നത് കാണുന്നത്. അൽപ്പം ചരിത്രം ഈ അവസരത്തിൽ ഉൾക്കൊള്ളുന്നതും നല്ലതാണ്. 1970 കളിൽ ചുറ്റുമതിൽ ഇല്ലാതിരുന്ന ക്യാമ്പസിൽ ഉണ്ടായിരുന്ന ഫലവൃക്ഷങ്ങൾ പലപ്പോഴും നാട്ടുകാരുടെ ഇടപെടലുകളും പരിപാലനത്തിലെ അശ്രദ്ധയും കാരണം നശിക്കാൻ തുടങ്ങി. അടിക്കാടുകൾ കാലിമേച്ചിൽ കൊണ്ടും ഇല്ലാതായി. ഈ അവസരത്തിലാണ് ക്യാംപസിൽ തുറസ്സായ സ്ഥലത്ത് 1980 കളുടെ തുടക്കത്തിൽ ലോകബാങ്കിന്റെ കേരള ഫോറസ്ട്രി പ്രോഗ്രാമിൽ ഉൾപ്പെടുത്തി അക്കേഷ്യ (Acacia auriculiformis) മരം നടുന്നത്. പിൽക്കാലത്ത് കാമ്പസ് അടക്കി വാഴുന്ന ഒരു മരം ആയി അക്കേഷ്യ മാറി എന്ന് മാത്രമല്ല, മറ്റു തദ്ദേശീയ ജൈവജാതികളെ അത് നിഷ്കാസനം ചെയ്യുകയും ചെയ്തു.

അക്കേഷ്യ എന്ന അധിനിവേശസസ്യം സൃഷ്ടിക്കുന്ന പാരിസ്ഥിക പ്രശ്നങ്ങൾ ശാസ്ത്രലോകം വിശദമായി പഠനവിധേയമാക്കിയിട്ടുള്ളതാണ്. മാത്രമല്ല, അക്കേഷ്യ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്താണ് വനംവകുപ്പ് തന്നെ ഇപ്പോൾ സാമൂഹ്യ വനവൽക്കരണ പരിപാടികളിൽ നിന്ന് പ്രസ്തുത സസ്യത്തിനെ ഒഴിവാക്കിയിരിക്കുന്നത്. കാമ്പ



സിൽ അക്കേഷ്യ ഉയർത്തുന്ന പ്രശ്നങ്ങൾ വളരെ ചുരുക്കി പറഞ്ഞാൽ ഇവയാണ്: (1) 10–15 മീറ്റർ ആഴത്തിൽ പോകുന്ന വേരുകൾവെള്ളം വലിച്ചെടുക്കുന്നതു കൊണ്ടും എളുപ്പത്തിൽ സ്വേദനം വഴി പുറത്തുകളയുന്നതുകൊണ്ടും ഉണ്ടായിരിക്കുന്ന ജലക്ഷാമം (2) പൂമ്പൊടി ഉണ്ടാക്കുന്ന അലർജി ഉൾപ്പടെയുള്ള ആരോഗ്യപ്രശ്നങ്ങൾ (3) അക്കേഷ്യയുടെ ഇലകൾ താഴെ വീഴുമ്പോൾ മണ്ണിൽ ഉണ്ടാകുന്ന രാസമാറ്റം (alleopathic impacts) ഇത്തരം രാസമാറ്റങ്ങൾ മണ്ണിന്റെ ഊർവ്വരത നശിപ്പിക്കുന്നുവെന്നുമാത്രമല്ല മണ്ണിന്റെ ജൈവഘടനയിലും വരുത്തുന്ന മാറ്റങ്ങൾ കൊണ്ട് അടിക്കാടുകളുടെയും മറ്റുസ്യസ്യങ്ങളുടെയും വളർച്ച ഇല്ലാതാകുന്നു (കൂടുതൽ വിവരങ്ങൾക്ക് അറ്റാച്ച് ചെയ്തിരിക്കുന്ന ഇക്കോ–റെസ്റ്റോറേഷനെപ്പറ്റിയുള്ള പേപ്പർ കാണുക).

ഇത്രയും വിവരങ്ങൾ ലഭ്യമായ മുറയ്ക്ക് കഴിഞ്ഞ അഞ്ചുവർഷങ്ങളായി സർവകലാശാല വനംവകുപ്പുമായി നടത്തുന്ന ചർച്ചകളുടെ ഭാഗമായാണ് വനം വകുപ്പിന്റെ തന്നെ നേതൃത്വത്തിൽ അക്കേഷ്യ ഘട്ടംഘട്ടമായി നീക്കം ചെയ്യാനും പ്രസ്തുത സ്ഥലത്തു ഫലവൃക്ഷങ്ങൾ ഉൾപ്പെടെ തദ്ദേശീയ മരങ്ങളും സസ്യങ്ങളും വച്ചുപിടിപ്പിക്കാനും തീരുമാനിച്ചത്. ഇതൊക്കെ ഒരു സുപ്രഭാതത്തിൽ സംഭവിച്ച കാര്യമല്ല. പാരിസ്ഥിക പ്രശ്നങ്ങൾ നോക്കിക്കണ്ട് ഭാവിയിലെ സുസ്ഥിരമായ പാരിസ്ഥിതിക സേവനങ്ങൾ ലഭ്യമാവുന്ന വിധത്തിലാണ് കാര്യങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്.

അക്കേഷ്യ മരം മുറിച്ചുമാറ്റുന്നത് സംബന്ധിച്ച കാര്യത്തിലും വിമർശനമുണ്ടായല്ലോ. അതിന്റെ വാസ്തവസ്ഥിതിയും അറിയേണ്ടതാണ്. വനം വകുപ്പ് അളന്നുതിട്ടപ്പെടുത്തി നമ്പർ ഇട്ട് ക്വട്ടേഷൻ നൽകിയാണ് രണ്ടു വർഷത്തെ ശ്രമത്തിനൊടുവിൽ ഇത് യാഥാർത്ഥ്യമാകുന്നത്. 10–15 മീറ്റർ ആഴത്തിൽ പോകുന്ന വേരുകൾ ഉള്ള വിദേശ സസ്യം ആണ്. കുഴിച്ചുപിഴുതുമാറ്റിയാൽ ഭൂമി മുഴുവൻ കുഴിക്കേണ്ടിവരും. ഇതൊഴിവാക്കാക്കിയാണ് ഇവ വെട്ടി മാറ്റുന്നത്. നിറഞ്ഞ അക്കേഷ്യക്കാട് ഉള്ള പ്രദേശത്ത് ഒരുമിച്ചുമുറിച്ചു മാറ്റുമ്പോൾ മറ്റുചില വൃക്ഷങ്ങളും മനഃപൂർവ്വമല്ലാത്ത ഒടിഞ്ഞുപോകാൻ സാധ്യതയുണ്ട് എന്ന് മാത്രം. അക്കേഷ്യയിലും അതുണ്ടാക്കുന്ന ആവാസവ്യവസ്ഥയിലും ജൈവജാതികൾ ഉണ്ടാകും. പക്ഷെ ഒരു പരാതിക്ക് പിന്തുണയായി കാമ്പസിൽ കാണുന്ന പക്ഷികളുടെയും പൂമ്പാറ്റകളുടെയും ലിസ്റ്റ് വച്ച് തെളിവുണ്ടാക്കാൻ ശ്രമിക്കരുത്. ഇവയിൽ മിക്കവയും തദ്ദേശീയ മരങ്ങൾ ഉള്ള തുരുത്തുകളിൽ കാണുന്നവയാണ്. അവയൊന്നും മൊത്തമായി നീക്കം ചെയ്യപ്പെട്ടിട്ടും ഇല്ല, മാത്രവുമല്ല മറ്റെവിടെയും കാണാത്ത അപൂർവവും വംശനാശഭീഷണി നേരിടുന്നവയും ആയ ജീവജാലങ്ങൾ ഒന്നും ഇല്ല. ഇവയ്ക്കൊന്നും അക്കേഷ്യ ഒരു അനിവാര്യതയും അല്ല.

ക്യാമ്പസിലെ പ്രധാനപ്രശ്നം അക്കേഷ്യ എന്ന അധിനിവേശസസ്യം ഉണ്ടാക്കുന്നതാണ്. അവ മുറിച്ചുമാറ്റാതെ തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ കഴിയില്ല. ഇത് ക്യാമ്പസിലെ 300 ഏക്കർ സ്ഥലത്തും ഒരുമിച്ച് അല്ല നടപ്പിലാക്കുന്നത്. ഘട്ടംഘട്ടമായാണ്. എങ്ങനെയാണ് പാരിസ്ഥികആഘാതം ഗുണപരമായി വിലയിരുത്തുന്നത് എന്ന് പരിസ്ഥിതിരംഗത്ത് പ്രവർത്തിക്കുന്നവർ പ്രത്യേകിച്ചും അറിയേണ്ടതാണ്. പാരിസ്ഥികമൂല്യങ്ങൾ, അതിന്റെ സാമ്പത്തികമൂല്യങ്ങൾ ഉൾപ്പടെയുള്ള സേവനങ്ങൾ എന്നിവ വിലയിരുത്തുന്നത് ഗുണവും ദോഷവും തുലനം ചെയ്താണ്. അക്കേഷ്യ മാറ്റുമ്പോൾ കുറച്ചു സ്ഥലം തുറസ്സാകാതെ തരമില്ല. എന്നാൽ, തദ്ദേശ വൃക്ഷങ്ങൾ അവിടെ വന്നു കഴിയുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥികമൂല്യങ്ങൾ, സേവനങ്ങൾ എന്നിവയും, അത് ഉൾക്കൊള്ളുന്ന ജൈവവൈവിധ്യം എന്നിവയും വളരെ ഏറെയായിരിക്കും. അതുകഴിഞ്ഞു സർവേ നടത്താം, പാരിസ്ഥിക മൂല്യങ്ങൾ താരതമ്യം ചെയ്യുകയും ആകാം.

പരിസ്ഥിതിവിഷയങ്ങളിൽ സജീവമായി ഇടപെടുന്ന വ്യക്തികൾ ഇപ്പോഴും സമൂഹത്തിന്റെ ബഹുമാനം പിടിച്ചുപറ്റുന്നവരാണ്. അത് ഏറെക്കുറെ തിരുത്തൽ ശക്തിയുമാണ്. എന്നിരുന്നാലും ക്യാമ്പസിൽ മുഴുവൻ പ്രകൃതി നശീകരണം ആണ് എന്ന് പരാതിപ്പെടുന്നതിനുമുമ്പ് എന്താണ് അക്കേഷ്യ, എന്താണ് അടിക്കാട്, എന്താണ് അക്കേഷ്യ നൽകുന്ന പാരിസ്ഥികസേവനങ്ങൾ, അക്കേഷ്യ ഉള്ള ഇടങ്ങളിലും ഇല്ലാത്തയിടങ്ങളിലും അടിക്കാടുകൾ തമ്മിൽ ഉള്ള വ്യതിയാനങ്ങൾ, ഒരുപ്രദേശത്തുനിന്നും ഒരു അക്കേഷ്യ മാത്രം മാറ്റി മറ്റൊന്ന് വയ്ക്കാൻ സാങ്കേതികമായും പാരിസ്ഥികമായും സാധ്യമാണോ, പരിസ്ഥിതി സംരക്ഷണം എന്നാൽ ഇന്നിന്റെ ചിന്ത മാത്രമാണോ എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതായിരുന്നു. ഈ വിഷയത്തിൽ പ്രവർത്തിക്കുന്ന നിരവധി ഗവേഷകർ ഉള്ള സ്ഥാപനം ആണിത്. ഞങ്ങൾക്ക് വ്യക്തമായ സത്യം അക്കേഷ്യയും അവയുടെ അടിക്കാടും മാറി തദ്ദേശ സസ്യങ്ങളും അവ ഒരുക്കുന്ന സൂഷ്മ ആവാസസാഹചര്യങ്ങളും എത്തുമ്പോൾ മികച്ച പാരിസ്ഥികമൂല്യങ്ങളും ജൈവവൈവിധ്യവും പുനഃസ്ഥാപിക്കപ്പെടും എന്നതാണ്. കാര്യങ്ങൾ ആഴത്തിൽ ഉൾക്കൊള്ളാൻ തയ്യാറായാൽ ഇപ്പോൾ ക്യാമ്പസിൽ ഹരിതാലയംപദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാവിയിലേക്കുള്ള മൂല്യങ്ങൾ വ്യക്തമാവും.

'ഒന്ന് ചീഞ്ഞു മറ്റൊന്നിന് വളമാകും' എന്നാണല്ലോ ചിന്ത. ഇവിടെ അക്കേഷ്യ മാറുമ്പോൾ കൂടുതൽ തെളിവാർന്ന പ്രകൃതിയും ജൈവസമ്പന്നതയും പാരിസ്ഥികസേവനങ്ങളും തിരിച്ചു വരും. അതിലേക്കുള്ള വിത്തുകളാണ് ഇവിടെ പാകുന്നത്. അത് കഴിഞ്ഞു വിമർശകർ തങ്ങൾ സമർപ്പിച്ചിരിക്കുന്ന ലിസ്റ്റുമായി സ്വയം താരതമ്യ പഠനം നടത്തുന്നത് നല്ലതായിരിക്കും. എങ്കിലും പ്രകൃതി നശിക്കുന്നത് കാണുമ്പോൾ ഉള്ള ധാർമ്മികമായ ഇത്തരം ഇടപെടലുകൾ സ്വാഗതാർഹമാണ്. പരിസ്ഥിതിപുനഃസ്ഥാപനത്തിന്റെ ഭാഗമായി കഴിഞ്ഞ ഏതാനും വർഷങ്ങളായി സർവകലാശാല നടത്തുന്ന പ്രയത്നങ്ങൾ ആണ് ഇപ്പോഴുള്ള സിൻഡിക്കേറ്റ്, വി.സി, പ്രോ–വി.സി തുടങ്ങിയവരുടെ നേതൃത്വത്തിൽ യാഥാർത്ഥ്യമായിരിക്കുന്നത്. ഫലവൃക്ഷങ്ങളും നാടൻമരങ്ങളും നിറഞ്ഞ നൈസർഗ്ഗിക ആവാസവ്യവസ്ഥ തിരിച്ചു നൽകി മാത്രമാവും നമുക്ക്ഇതിനു മറുപടി നല്കാനാവുക. വൈദ്യൻകുന്നിലെ സസ്യവൈവിധ്യത്തിന്റെ പഴയരേഖകൾ കണ്ടെടുത്ത് ബഫർമേഖലകളിൽ അവയെ കൂടി ഉൾപ്പെടുത്താനുംശ്രമിക്കണമെന്നകാര്യവും ഈ അവസരത്തിൽ ചൂണ്ടിക്കാട്ടുന്നു.

# 'ഹരിതാലയം' പുതിയ പാഠങ്ങൾ



**ഡോ. ശ്രീലാ രാജ് എ.ആർ.**
*(ജോയിന്റ് രജിസ്ട്രാർ, കാമ്പസ് അഡ്മിനിസ്ട്രേഷൻ)*

**മ**ലയാളനാടിന്റെ പോയകാലം കാർഷിക സമൃദ്ധിയുടേതായിരുന്നു. കതിർ നിറഞ്ഞ പാടങ്ങളും പാടങ്ങൾക്ക് മീതെ കതിർ കൊത്തി ചുറ്റിപ്പറക്കുന്ന പൈങ്കിളി കൂട്ടങ്ങളും നമ്മുടെ ഓർമകളിലെവിടെയോ നിറം മങ്ങാതെ കാത്തു വയ്ക്കപ്പെട്ടിരിക്കുന്നു. ആ ഓർമകളെ പുനരുജ്ജീവിപ്പിക്കുകയാണ് കേരള സർവകലാശാല 'ഹരിതാലയം' എന്ന പദ്ധതിയിലൂടെ. അവഗണിക്കപ്പെട്ടു കിടന്ന ചതുപ്പുനിലം നെൽപാടമാക്കിയും തരിശുനിലങ്ങൾ തെങ്ങിൻ തോപ്പുകളും വാഴ തോട്ടങ്ങളും പച്ചക്കറിത്തോട്ടങ്ങളുമാക്കിയും മാറ്റാനുള്ള കൂട്ടായ പരിശ്രമം പ്രതീക്ഷയോടെ, ഒത്തൊരുമയോടെ, മുന്നേറിക്കൊണ്ടിരിക്കുന്നു. കേരള സർവകലാശാലയുടെ സസ്യശാസ്ത്ര, പരിസ്ഥിതി, അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് എന്നീ വകുപ്പുകൾ അവയുടെ അറിവുകൾ ഹരിതാലയം പദ്ധതിക്ക് വേണ്ടി പ്രാവർത്തികമാക്കുകയാണ്. അവയോടൊപ്പം സർവകലാശാലയുടെ ഭരണ വിഭാഗവും വിദ്യാർത്ഥി സമൂഹവും കൈകോർക്കുന്നു. മഹാമാരിയുടെയും പ്രകൃതി ക്ഷോഭത്തിന്റെയും ഈ കാലഘട്ടത്തിൽ അതിജീവനത്തിന്റെ പുത്തൻ പാഠങ്ങൾ പുതിയ തലമുറക്ക് പകർന്നു നൽകുകയാണ് കേരള സർവകലാശാല 'ഹരിതാലയം' പദ്ധതിയിലൂടെ.



**ഡോ. പി. രാഘവൻ**
*(ഇംപ്ലിമെന്റിംഗ് ഓഫീസർ, ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം))*

**ദൈ**വത്തിന്റെ സ്വന്തം നാടായ കേരളം, അതിനു ധീരമായ നേതൃത്വം കൊടുക്കുന്ന കേരള സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നമ്മുടെ സർവകലാശാലയിലും ഹരിതാലയം പദ്ധതി നടപ്പിലാക്കി വരുന്നു. 2020 ജൂൺ 5 ന് ഉത്ഘാടനം ചെയ്തുകൊണ്ട് കേരള മുഖ്യമന്ത്രി ഏറെ സന്തോഷത്തോടെയെന്ന് അടിവരയിട്ട് പറഞ്ഞ കാര്യങ്ങൾ അതിലേറെ അഭിമാനത്തോടെ നമ്മൾ നടപ്പിലാക്കി. ഇഛാശക്തിയോടെയുള്ള മുന്നേറ്റത്തിൽ വനം വകുപ്പിന്റെ സഹായത്തോടെ 25 ഏക്കറിൽ അക്കേഷ്യ മരങ്ങൾ മുറിച്ച് മാറ്റി മാവ്, പ്ലാവ്, മാതളം, ഈട്ടി, ഇലഞ്ഞി, വേപ്പ്, ഞാവൽ തുടങ്ങി വിവിധയിനം മരങ്ങളുടെ 16495 തൈകളാണ് നട്ടു പരിപാലിച്ചു പോരുന്നത്. കൂടാതെ ആയിരം തെങ്ങിൻ തൈകൾ, 500 തേക്കിൻ തൈകൾ, 550 വാഴക്കന്നുകൾ കൂടാതെ 5 ഏക്കറിൽ പച്ചക്കറി, കൂടാതെ ഔഷധസസ്യങ്ങൾ തുടങ്ങി ഭാരതത്തിന് ആകെ മാതൃകയാകുന്ന തരത്തിൽ സർവകലാശാല മുന്നേറുന്നു. നാടിനൊപ്പം സർക്കാരും സർക്കാരിനൊപ്പം സർവകലാശാലയും നാം ഒറ്റയ്ക്കല്ല സർക്കാർ ഒപ്പം ഉണ്ടെന്ന വിശ്വാസം വ്യക്തമായ ദിശാബോധം നൽകുന്നു. സർവകലാശാലയുടെ രൂപീകരണ സമയത്ത് വിഖ്യാത ആൽബർട്ട് ഐൻസ്റ്റീനെ വൈസ് ചാൻസലറാക്കാൻ ശ്രമിച്ച മഹാരാജാവിന്റെ ആഗ്രഹം പോലെ ഇപ്പോൾ ശാസ്ത്രജ്ഞനായ വൈസ് ചാൻസലറും ഇച്ഛാശക്തിയും, ദിശാബോധവും അർപ്പണമനോഭാവവും ഉള്ള ഒരു സിൻഡിക്കേറ്റും നമുക്ക് കരുത്തേകുന്നു. 20 ഏക്കറിലുള്ള നമ്മുടെ നെൽകൃഷി അതിന് ആത്മബലം നൽകുന്നു. നമുക്ക് ഒന്നിച്ച് ഒന്നായ് മുന്നേറാം.

# ഹരിതാലയവും വിദ്യാർത്ഥികളും



**റംഷാദ് ഖാൻ**
*(ചെയർമാൻ, ഡിപ്പാർട്ട്മെന്റ്, സ്റ്റുഡൻസ് യൂണിയൻ)*

**കോ**വിഡ് മഹാമാരിയുടെ കാലത്തും ഏറ്റവും മാതൃകാപരമായ പ്രവർത്തനമാണ് കേരള സർവകലാശാല ഹരിതാലയം പദ്ധതിയിലൂടെ തുടർന്നുകൊണ്ടിരിക്കുന്നത്. കേരള സർവകലാശാല കേരളത്തിന്റെ മാതൃ സർവകലാശാലയിൽ നിന്നും കേരളത്തിലെ മാതൃകാ സർവകലാശാലയിലേക്കുള്ള കുതിച്ചുചാട്ടമാണ് ഈ മഹാമാരി കാലത്ത് സാധ്യമാക്കിരിക്കുന്നത്. വിദ്യാർത്ഥികളിലും ഗവേഷകരിലും കാർഷിക അഭിരുചി വളർത്തുന്നതിനു വേണ്ടി കാർഷിക ഫെലോഷിപ്പ് ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ സർവകലാശാലയായി മാതൃ സർവകലാശാല. പ്രകൃതിക്കും മനുഷ്യനും ഒരേ പോലെ അപകടകരമായ പാഴ്മരങ്ങൾ മാറ്റി പകരം കൃഷി എന്ന മാതൃകാ പ്രവർത്തനത്തിലേക്ക് സർവകലാശാലയ്ക്ക് എത്താൻ



കഴിഞ്ഞത് വരും തലമുറയ്ക്ക് ഒരു പ്രതീക്ഷ കൂടിയാണെന്ന് ഓർമ്മിക്കുന്നു. ആൻഡമാൻ നിക്കോബാർ ദ്വീപ സമൂഹത്തിലെ വൈവിധ്യമാർന്ന ഔഷധഗുണങ്ങളുള്ള സസ്യങ്ങളുടെ ഒരു പൂന്തോട്ടം ഏഷ്യയിൽ ഒരു സർവകലാശാലയിൽ ഇതാദ്യമായി സൃഷ്ടിച്ചെടുക്കാൻ കേരള സർവകലാശാലക്ക് സാധിച്ചു എന്നത് എത്രയും അഭിമാനകരമായ ഒരു നേട്ടമാണ്. മഹാമാരിയുടെ കാലം കാർഷിക പ്രവർത്തനത്തിലൂടെയും അതിജീവിക്കാൻ കഴിയുമെന്ന് സർവകലാശാലയ്ക്ക് പൊതുസമൂഹത്തോട് കാണിച്ചുകൊടുക്കാൻ കഴിഞ്ഞു എന്നുള്ളത് വളരെ അഭിമാന നേട്ടമായി ചരിത്രം വിലയിരുത്തുക തന്നെ ചെയ്യും. കേരള സർവകലാശാലയുടെ ഹരിതാലയം പദ്ധതിക്ക് ഡിപ്പാർട്ട്മെന്റ് സ്റ്റുഡൻസ് യൂണിയന്റെ എല്ലാവിധ ആശംസകളും.



**ഇർഫ കെ.എം.**
*(ചെയർപേഴ്സൺ, ഗവേഷകയൂണിയൻ)*

**സ**ർവകലാശാലകൾ കേവലം പഠനത്തിനും ഗവേഷണത്തിനും മാത്രമല്ല കോവിഡ് മഹാമാരിയിൽ ഈ നാടിനെയും, സമൂഹത്തെയും കാർഷികവൃത്തിയിലൂടെ കൈപിടിച്ചുയർത്താൻ കഴിയുമെന്ന വലിയ സന്ദേശമാണ് ഈ കാലത്തോട് കേരള സർവകലാശാല ഹരിതാലായം പദ്ധതിയിലൂടെ നടപ്പാക്കിയിരിക്കുന്നത്. വിദ്യാർത്ഥികൾ കാമ്പസിലേക്ക് മടങ്ങേണ്ടത് തങ്ങളുടെ പഠനത്തിലേക്കും, ഗവേഷണത്തിലേക്കും മാത്രമല്ല മറിച്ച് കൃഷിയിലേക്കും അതിലൂടെ അതിജീവനത്തിലേക്കുമാണെന്ന് ഹരിതാലയം പദ്ധതിയിലൂടെ കേരള സർവകലാശാല വർത്തമാനകാലത്ത് പറഞ്ഞുവെക്കുന്നു. ഈ ഹരിത വിപ്ലവം കേരള സർവകലാശാലയുടെ അതിലുപരി കാര്യവട്ടം കാമ്പസിന്റെ ചരിത്രത്തിൽ തങ്ക ലിപികളാൽ എഴുതപ്പെടും എന്നുള്ളത് തീർച്ച. കൃഷിയിലൂടെ നമ്മൾക്ക് ഈ മഹാമാരിയെയും അതിജീവിക്കാം. തുടർന്നും ഏറ്റവും ഉയർന്ന രീതിയിൽ ഒരു അക്കാദമിക് പശ്ചാത്തലത്തിൽ നിലനിന്നു കൊണ്ടുതന്നെ സമൂഹത്തിന് ഉതകുന്ന നന്മകൾ ചെയ്യാൻ ഇനിയും കേരള സർവകലാശാലയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിച്ചു കൊള്ളുന്നു.

# 'ഹരിതാലയം'
# ആദ്യ വിളവെടുപ്പ് സംഭാവന നൽകി



**കേ**രളസർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കേരളസർവകലാശാല നടപ്പിലാക്കിയ ഹരിതാലയം പദ്ധതിയോടനുബന്ധിച്ച്, ആരംഭിച്ച പച്ചക്കറിക്കൃഷിയുടെ ആദ്യ വിളവെടുപ്പിൽ ലഭിച്ച പച്ചക്കറികൾ പാങ്ങപ്പാറ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് സ്കൂളിന് സംഭാവന നൽകി. പ്രോ–വൈസ് ചാൻസലർ, സിൻഡിക്കേറ്റംഗങ്ങൾ തുടങ്ങിയവർ നേരിട്ട് ഇൻസ്റ്റിറ്റ്യുട്ടിലെത്തിയാണ് സ്കൂൾ അധികൃതർക്ക് പച്ചക്കറികൾ കൈമാറിയത്.

*പ്രൊ–വൈസ് ചാൻസലർ ഡോ. പി.പി അജയകുമാർ, രജിസ്ട്രാർ ഡോ. സി. ആർ. പ്രസാദ്, ഡോ. ഗംഗാപ്രസാദ് എന്നിവർ കൊയ്ത്തുത്സവത്തിനെത്തിയ സദസ്സിനെ അഭിസംബോധന ചെയ്യുന്നു.*





*സർവകലാശാല വൈസ് ചാൻസലർ പ്രൊ.(ഡോ.) വി.പി. മഹാദേവൻ പിള്ള, പ്രൊ–വൈസ് ചാൻസലർ ഡോ. പി.പി അജയകുമാർ, സർവകലാശാല സിണ്ടിക്കേറ്റ്അംഗങ്ങൾ, അധ്യാപകർ, ജീവനക്കാർ, തുടങ്ങിയവർ പാടത്തു കൊയ്യാൻ തയ്യാറെടുക്കുന്നു.*



# സർവകലാശാലയിൽ നിന്നും വിഷരഹിതമായ പച്ചക്കറികൾ


**ഹ**രിതാലയം കാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് കാര്യവട്ടം കാമ്പസിൽ പുരോഗമിക്കുന്നു. കീടനാശിനികൾ ഒന്നും പ്രയോഗിക്കാതെ തികച്ചും പ്രകൃതിദത്തമായി പരിപാലിച്ചാണ് കൃഷി നടത്തുന്നത്. കാമ്പസിൽ നിന്നും ഇതുവരെയായ് 572 കിലോ പയർ, 350 കിലോ വെള്ളരി, 68 കിലോ വെണ്ട, 61 കിലോ തക്കാളി, 22 കിലോ പച്ചമുളക്, 45 കിലോ സാലഡ് വെള്ളരി, 5 കിലോ ചീരചേമ്പ് എന്നിവ വിളവായി ലഭിച്ചു. ഒന്നിടവിട്ട ദിവസങ്ങളിൽ ശേഖരിക്കുന്ന പച്ചക്കറി ബോട്ടണി വിഭാഗത്തിൽ നിന്നും നേരിട്ട് ആവശ്യക്കാർക്ക് വിതരണം ചെയ്തു വരുന്നു.





*വിളവെടുത്ത പച്ചക്കറികൾ, വിളവെടുത്ത പച്ചക്കറികളുമായി ജീവനക്കാർ, വിവിധ വിളകൾ*











# ഗതകാലസ്മരണകളുണർത്തി പാടത്ത് ആർപ്പോവിളി



*ദിവാകരൻ കുട്ടിയുടെ നേതൃത്വത്തിലുള്ള കൊയ്ത്തുപാട്ട് സംഘം*

**പ**തിറ്റാണ്ടുകളോളം തരിശ്കിടന്ന പാടത്ത് നെല്ല് വിളഞ്ഞ് കൊയ്ത്തിന് പാകമായപ്പോൾ പഴയ കൊയ്ത്തുത്സവങ്ങളെ അനുസ്മരിപ്പിക്കുന്നവണ്ണം ക്യാമ്പസിലെ പാടത്ത് ആർപ്പോ വിളി മുഴങ്ങി. പാടം കൊയ്യാൻ ബഹു.വൈസ് ചാൻസലറും മുതിർന്ന ഉദ്യോഗസ്ഥരും സർവകലാശാല സിൻഡിക്കേറ്റംഗങ്ങളും പാടത്തിറങ്ങിയപ്പോൾ കൊയ്ത്തിന് ആവേശം പകരാൻ വരമ്പത്ത് ആർപ്പോ വിളി ഉയർന്നു.

വാദ്യമേളങ്ങളുടെ അകമ്പടിയോടെ കൊയ്ത്തുപാട്ടും, നാടൻ പാട്ടുകളും പാടിയത് കേരളസർവകലാശാലയുടെ ഗവേഷക വിദ്യാർത്ഥിയായ ശ്രീ. ദിവാകരൻകുട്ടിയുടെ നേതൃത്വത്തിലുള്ള 'വാമൊഴിയാട്ടം' റിസർച്ച് ആന്റ് ഫോക്ബാൻഡായിരുന്നു. എട്ടുപേരുടെ സംഘത്തിൽ രണ്ട് കുട്ടികളൊഴിച്ച് ബാക്കി എല്ലാവരും തന്നെ സർവകലാശാല ഗവേഷകർ എന്നത് കൊയ്ത്തുൽസവത്തിന് സർവകലാശാല വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പിക്കുന്ന ഒന്നുകൂടിയാണ്. കൊയ്ത്തിന് അരിവാളും, പാളത്തൊപ്പിയും, കൊടിതോരണങ്ങളും ഒരുക്കിയിരുന്നത് കൊയ്ത്തിന് തികച്ചും പരമ്പരാഗത ഉൽസവ പ്രതീതി ഉളവാക്കി.

*കൊയ്ത്തുത്സവത്തിന്റെ വിവിധ ദൃശ്യങ്ങൾ*







# ഹരിതാലയം: വാർത്തകളിലൂടെ





**Editorial Committee:** Printed and Published by **Prof.(Dr.). C.R. Prasad** *Registrar-in-Charge*
Compiled & Edited by **Sam S.** *Public Relations Officer and* Editorial Support: **Sheena P.S.** *(PRO Section)*
For Private Circulation Only | Printed at: *University Press, Thiruvananthapuram* | Design: *Godfrey's Graphics*